# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആയഞ്ചേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ കെ കെ ഡി/പി 7/223/2023 22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 06/03/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആയഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആയഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആയഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ കെ കെ ഡി/പി 7/223/2023 22 തീയ്യതി: 06/03/2023

## കോഴിക്കോട് ജില്ലയിലെ ആയഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ആയഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-05-2022 മുതൽ 30-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. രത്നസിംഗ്.കെ.പി | ഡെപ്യൂട്ടി ഡയറക്ടർ | 31-01-2023 | 08-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 31-01-2023 | 08-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഗിരീശൻ പാറപ്പൊയിൽ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.സതീഷ്കുമാർ സി.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ജാസിർ. സി.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.റെൻസി.ഇ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ. കാട്ടിൽ മൊയ്തു മാസ്റ്റർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. ബിനുജോസ് | സെക്രട്ടറി | 01-04-2021 | 06-12-2021 |
| ശ്രീ. സുനിൽ കുമാർ. എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-12-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അനീഷ് കുമാർ. ടി.പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 29-07-2021 |
| ശ്രീ. സുനിൽ കുമാർ. എം | അസിസ്റ്റന്റ് സെക്രട്ടറി | 29-07-2021 | 31-03-2022 |
| ശ്രീമതി. സന്ധ്യ. എം.ജി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 01-07-2021 |
| ശ്രീമതി. നയന. എം | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-07-2021 | 31-03-2022 |
| ശ്രീ. നാസർ.എ | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| ഡോ. രാഗി. എൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ. വിജിത്ത്. പി.കെ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ. ലിനൂപ്. എൻ.കെ | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ. നൌഷാദ് | കൃഷി ഓഫീസർ | 01-04-2021 | 25-10-2021 |
| ശ്രീ. ചാരുഷ ചന്ദ്രൻ | കൃഷി ഓഫീസർ | 26-10-2021 | 31-12-2021 |
| ശ്രീ. അമൽ. എസ്.ഡി | കൃഷി ഓഫീസർ | 01-01-2022 | 12-01-2022 |
| ശ്രീമതി. പ്രിൻസി പ്രിയ. ജി | കൃഷി ഓഫീസർ | 13-01-2022 | 31-03-2022 |
| ശ്രീ. അനിൽ കുമാർ. കെ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |
| ശ്രീ. ജനീഷ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 03-08-2021 |
| ശ്രീ. ഹാഫിസ് മുഹമ്മദ്. കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 03-08-2021 | 03-09-2021 |

| | | | |
|---|---|---|---|
| ശ്രീ. സന്ദൂപ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 03-09-2021 | 08-10-2021 |
| ശ്രീ. ബിജിത്ത് കുമാർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 08-10-2021 | 31-03-2022 |
| ശ്രീമതി. രാഖി. എൽ.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 09-04-2021 |
| ശ്രീ. ജയകുമാർ. ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 10-04-2021 | 11-08-2021 |
| ശ്രീ. ഷിജിത്ത്. എ | അസിസ്റ്റന്റ് എഞ്ചിനീയർ | 12-08-2021 | 17-10-2021 |
| ശ്രീമതി. വിൻസി വിജയൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 18-10-2021 | 25-11-2021 |
| ശ്രീ. പ്രേം സാഗർ. എ.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 26-11-2021 | 31-03-2022 |
| ശ്രീമതി. അഞ്ജന. എം.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 04-07-2021 |
| ശ്രീ. വിഷ്ണുരാജ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 05-07-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് -അപാകതകൾ ഓഡിറ്റ് വർഷത്തിലും തുടരുന്നു | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി ആസൂത്രണത്തിൽ വീഴ്ച | 1-5 |
| 7 | പദ്ധതി ചെലവ് കുറഞ്ഞു-സർക്കാർ ഗ്രാന്റിനത്തിൽ 2.54 കോടി രൂപ നഷ്ടമായി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 10 | വിസ്തീർണ്ണത്തിനനുസൃതമായി വസ്തുനികുതി ഈടാക്കിയില്ല | 1-9 |
| 11 | രസീതി പിരിവിലെ അപാകതകൾ | 1-10 |
| 12 | ആയഞ്ചേരി ബസ് സ്റ്റാന്റിൽ നിന്ന് വരുമാനമില്ല | 1-11 |
| 13 | ക്ലയിം ചെയ്യാതെ ജീവനക്കാർക്ക് യാത്രാബത്ത അനുവദിച്ചു | 1-12 |
| 14 | മത്സ്യമാർക്കറ്റ് ലേലം കൊണ്ടയാളുമായി കരാറിലേർപ്പെടുന്നില്ല | 1-13 |
| 15 | ഭരണസമിതി യോഗ മിനിട്സ് സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല | 1-14 |
| 16 | റിപ്പോർട്ടുകളുടെ തുടർനടപടി -നിയമപരമായ ബാധ്യത നിറവേറ്റുന്നില്ല | 1-15 |
| 17 | പഞ്ചായത്ത് തിരഞ്ഞെടുപ്പ്-സ്ഥാനാർത്ഥികളുടെ നിക്ഷേപം മുതൽക്കൂട്ടിയില്ല | 1-16 |
| 18 | പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമികളുടെ കരമടച്ചിട്ടില്ല | 1-17 |
| 19 | അങ്കണവാടി പൂരകപോഷകാഹാരം വിതരണം -മോണിറ്ററിംങ് നടത്തുന്നില്ല. | 1-18 |
| 20 | അങ്കണവാടികളിൽ അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തത | 1-19 |
| 21 | ജനറൽ പ്രൊജക്ടുകൾ വനിതാഘടക പദ്ധതിയിലുൾപ്പെടുത്തി | 1-20 |
| 22 | വാഴകൃഷി വികസനം -സ്ഥലവിസ്തൃതി കണക്കിലെടുക്കാതെ ആനുകൂല്യം വിതരണം ചെയ്തു | 1-21 |
| 23 | പഞ്ചായത്തിൽ ഗുണമേന്മയുള്ള റോഡുകൾ നിർമ്മിച്ചത് സംബന്ധിച്ച് | 1-22 |
| 24 | വി.ഇ.ഒ ചെറുകിട വ്യവസായം/സ്വയം തൊഴിൽ മേഖലയിൽ പ്രോജക്ടുകൾ നടപ്പിലാക്കിയില്ല. | 1-23 |
| 25 | ഹരിത കർമ്മസേന പൂർണമായി പ്രവർത്തനം ആരംഭിച്ചില്ല | 1-24 |
| 26 | പൊതു മരാമത്ത് പ്രവൃത്തികൾ : മോണിട്ടറിംഗ് ഫലപ്രദമല്ല | 1-25 |
| 27 | ഏറ്റെടുത്ത പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നില്ല | 1-26 |

| | | |
|---|---|---|
| 28 | സ്പിൽഓവർ പ്രവൃത്തികൾ : തൻവർഷം യാതൊരു ചെലവുമില്ല | 1-27 |
| 29 | അളവു പുസ്തകം : സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-28 |
| 30 | ബയോ കമ്പോസ്റ്റർ ബിൻ സബ്സിഡി : വിതരണം നടത്തിയതിന് രേഖകളില്ല | 1-29 |
| 31 | സെലക്ഷൻ നോട്ടീസ് അയച്ചതിന്റെ രേഖകളില്ല | 1-30 |
| 32 | ക്ലീൻ ആയഞ്ചേരി : പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-31 |
| ഭാഗം **2** | | |
| 1 | വിസ്തീർണ്ണത്തിനനുസൃതമായി വസ്തുനികുതി ഈടാക്കിയില്ല | 2-1 |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ് -അപാകതകൾ ഓഡിറ്റ് വർഷത്തിലും തുടരുന്നു

ബജറ്റ് രൂപീകരണത്തിലും പരിപാലനത്തിലും മുൻവർഷത്തെ റിപ്പോർട്ടിൽ പ്രതിപാദിച്ച അപാകതകൾ എല്ലാം തന്നെ ഓഡിറ്റ് വർഷത്തിലും തുടർന്നിട്ടുണ്ടെന്ന് ബജറ്റ് രേഖകളിൽ നിന്നും വ്യക്തമാകുന്നു.പ്രധാന അപാകതകൾ താഴെ കൊടുക്കുന്നു.

മുന്നിരിപ്പിൽ വ്യത്യാസം

2019-20 വർഷത്തെ മുന്നിരിപ്പ് ബാലൻസ് ഷീറ്റ് പ്രകാരം 11829252/-രൂപയായിരിക്കുമ്പോൾ ബജറ്റിൽ മേൽ വർഷത്തെ മുന്നിരിപ്പായി സ്വീകരിച്ചിരിക്കുന്നത് 11572948/-രൂപയാണ് 256304/-രൂപയുടെ വ്യത്യാസം ഇവ തമ്മിലുണ്ടെന്ന് കാണാം. കൃത്യമായ കണക്ക് നിലവിലിരിക്കെ ഇപ്രകാരം വ്യതിയാനം സംഭവിച്ചത് ശരിയല്ല. (അപാകതയുടെ വിശദാംശത്തിന് മുൻവർഷത്തെ റിപ്പോർട്ടിലെ ഖണ്ഡിക 1-1കൂടി കാണുക)

വാർഷിക പദ്ധതിക്ക് തനത് ഫണ്ട് വകയിരുത്തിയതിൽ അപാകത

ബജറ്റ് പ്രകാരം വാർഷിക പദ്ധതിക്ക് തനത് ഫണ്ടിൽ നിന്നും 13168300/-രൂപ വകയിരുത്തിയിട്ടുണ്ട്.എന്നാൽ വാർഷിക പദ്ധതിക്ക് ആകെ 2510000/-രൂപ മാത്രമാണ് സ്ഥാപനം വകയിരുത്തിയിരിക്കുന്നത്. വ്യത്യാസം വരുന്ന 10658300/-രൂപ ബജറ്റിൽ വകയിരുത്തിയതെന്തിനെന്ന് വ്യക്തമല്ല. വർഷാവസാനമാകുമ്പോഴേക്കും വാർഷിക പദ്ധതി വകയിരുത്തൽ 7712050/രൂപയായി ഉയരുകയും ചെലവ് 4300074/-രൂപയാവുകയും ചെയ്തിട്ടുണ്ട്. എന്നാൽ പുതുക്കിയ ബജറ്റിൽ ഈ പ്രൊവിഷൻ ഉൾക്കൊള്ളിച്ചിട്ടില്ല. ബജറ്റും യഥാർത്ഥ വകയിരുത്തലും ഇപ്രകാരം വ്യത്യാസപ്പെടുന്നത് വിശദീകരിക്കേണ്ടതുണ്ട്.

വാർഷിക പദ്ധതിയും ബജറ്റ് പ്രൊവിഷനും പൊരുത്തപ്പെടുന്നില്ല

വാർഷിക പദ്ധതി ,എൻ ആർ ഇ ജി എസ് ആക്ഷൻ പ്ലാൻ എന്നിവയുടെ അടങ്കൽ യഥാക്രമം 5.12കോടി രൂപയും 5.66 കോടി രൂപയുമാണ്. ഇവയുടെ ആകെ തുക 10.78കോടി രൂപ വരുന്നുണ്ട്. എന്നാൽ ബജറ്റിൽ വാർഷിക പദ്ധതി ഉൾക്കൊള്ളുന്ന BS9,BS12എന്നീ ഷെഡ്യൂളുകളിലെ വകയിരുത്തലുകൾ യഥാക്രമം 10.62 കോടി രൂപയും 3.85കോടി രൂപയുമാണ്. ഇതിന്റെ ആകെ തുക വരുന്നത് 14.47കോടി രൂപയാണ്. അതായത് ബജറ്റിൽ വാർഷിക പദ്ധതിക്ക് 14.47കോടി രൂപ വകയിരുത്തിയപ്പോൾ 10.78കോടി രൂപയുടെ വാർഷിക പദ്ധതി മാത്രമാണ് സ്ഥാപനം തയ്യാറാക്കിയതെന്നു കാണാം. വാർഷിക പദ്ധതി ,എൻ ആർ ഇ ജി എസ് ആക്ഷൻ പ്ലാൻ എന്നിവയ്ക്ക് ബജറ്റിന് മുമ്പേ അംഗീകാരം വാങ്ങിയിട്ടും ഇപ്രകാരം അന്തരം വന്നത് വിശദീകരിക്കേണ്ടതാണ്.

വായ്പ – ബജറ്റ് പ്രൊവിഷനും യഥാർത്ഥ വരവു ചെലവുകളും തമ്മിൽ പൊരുത്തമില്ല

ബജറ്റിലെ BS 6ഷെഡ്യൂൾ പ്രകാരം മൂലധനം വായപ വാങ്ങൽ എന്ന ഹെഡ്ഡിൽ 1.1കോടി രൂപ വായ്പ വാങ്ങാൻ സ്ഥാപനം ബജറ്റിൽ വിഭാവനം ചെയ്തിട്ടുണ്ട് . വാർഷിക പദ്ധതിയിൽ ഒരു പ്രൊജക്റ്റിന്റെ കാര്യത്തിലും വായ്പാ തുക വകയിരുത്താത്തതിനാൽ ഈ തുക എന്തിനു വേണ്ടിയാണ് വകയിരുത്തിയതെന്ന് വ്യക്തമല്ല. കൂടാതെ യാതൊരു തുകയും ഓഡിറ്റ് വർഷം വായ്പയായി വാങ്ങിയിട്ടുമില്ല. വായ്പാ തിരിച്ചടവായി BS 11ഷെഡ്യൂൾ പ്രകാരം 5ലക്ഷം രൂപയാണ് വകയിരുത്തിയെങ്കിലും 601333/-രൂപ തൻവർഷം തിരിച്ചടച്ചിട്ടുണ്ട്. 101333/-രൂപയുടെ ചെലവ് ബജറ്റിന് പുറത്താണെന്ന് കാണാവുന്നതാണ്.

എല്ലാ ബജറ്റ് രേഖകളും തയ്യാറാക്കിയിട്ടില്ല

ഓഡിറ്റ് വർഷത്തിലും ബജറ്റിന്റെ ഭാഗമായി തയ്യാറാക്കേണ്ട ബജറ്റ് സ്പീച്ച്, ബജറ്റ് നോട്ട്, വർക്ക് ഷീറ്റുകൾ, ജന്റർ ബജറ്റ്, പെർഫോമൻസ് ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല. ഇത് കൊണ്ട് തന്നെ ബജറ്റ്

അപൂർണ്ണമാണെന്ന കാണാം.

ബജറ്റുമായി ബന്ധപ്പെട്ട മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ തുടർ വർഷങ്ങളിലെ ബജറ്റ് ക്രമപ്രകാരം തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 31.05.2022 |

## 1-2-1 വാർഷിക കണക്കിലെ അപാകതകൾ

ആയഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തിലെ വാർഷികകണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ കൊടുക്കുന്നു.

1)സംയുക്ത പ്രോജക്ടുകൾക്കായുള്ള ബ്ലോക്ക്-ജില്ലാപഞ്ചായത്ത് വിഹിതങ്ങളിൽ ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം 336600/-രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ട്രഷറി സ്പെഷ്യൽ ടി.എസ്.ബി ജോയിന്റ് വെഞ്ചർ എക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പ് തുക 300600/- രൂപയാണ്. ഈ വ്യത്യാസത്തിന്റെ കാരണം വ്യക്തമല്ല.

2)ആസ്തികൾക്ക് ഡിപ്രിസിയേഷൻ നിർണ്ണയിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

3)വാർഷിക കണക്കിനോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെകുറിച്ചുള്ള കുറിപ്പുകൾ ചേർത്തിട്ടില്ല.

## 1-2-2.വിവിധ ഏജൻസികളിലേക്ക് അടവാക്കേണ്ട തുകയും അഡ്വാൻസ് നൽകിയ തുകയും ക്രമീകരിക്കാത്തത്-സംബന്ധിച്ച്

1)ബാലൻസ് ഷീറ്റ് ബി-9 പ്രകാരം Kerala Building And Other Construction Workers Welfare Board (ഹെഡ് കോഡ്-350200203) ഇനത്തിൽ 26291/- രൂപ നീക്കിയിരിപ്പുണ്ട്.മേൽ തുക ബിൽഡിംഗ്&കൺസ്ട്രക്ഷൻ വെൽഫെയർ ബോർഡിലേക്ക് അടവാക്കേണ്ടതാണ്.

2)വാർഷിക കണക്കിലെ ബി-9 ഷെഡ്യൂൾ പ്രകാരം വിവിധ സർക്കാർ സ്ഥാപനങ്ങളിലേയ്ക്ക് അടവാക്കേണ്ട വാറ്റ്, റിവർ മാനേജ്മെന്റ് ഫണ്ട് എന്നിവ ഉൾപ്പെടെ അടവാക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. ഇപ്രകാരം ആകെ 34401 രൂപ അടവാക്കുന്നതിന് അവശേഷിക്കുന്നുണ്ട്.

3)ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ “Refund Of Unutilised Grants Of Prior Period “ (Code No-350300109) എന്ന ഇനത്തിൽ 267000/- രൂപ അവശേഷിക്കുന്നുണ്ട്. മേൽ തുക വിവിധ നിർവ്വഹണ ഏജൻസികൾ പദ്ധതികളിൽ ചെലവഴിച്ച് തിരികെ പഞ്ചായത്തിന് നൽകിയ തുകയാണ്. മേൽ തുകകൾ അതത് ഹെഡുകളിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

4)ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം അഡ്വാൻസ് ഇനത്തിൽ മുൻവർഷത്തിൽ അനുവദിച്ച തുകകൾ ക്രമീകരിക്കുന്നതിന് അവശേഷിക്കുന്നുണ്ട്.

| ക്രമ നം | അക്കൗണ്ട് ഹെഡ് | ഇനം | നീക്കിയിരിപ്പ് തുക |
|---|---|---|---|
| 1 | 460500101 | Advance To Beneficiary Committee Conveners-Advance Paid | 1171621 |

| | | | |
|---|---|---|---|
| 2 | 460500399 | Advance To Other Authorised Agencies | 1420479 |
| 3 | 460500501 | Advance To Implementing Officers | 151940 |

5)പ്ലാൻ (ജനറൽ), എസ്.സി.പി, മെയിന്റനൻസ് ഗ്രാന്റ് എന്നീ ഗ്രാന്റുകളുടെ കാര്യത്തിൽ, ചെലവ് തുക അന്തിമ ചെലവ് പത്രിക പ്രകാരമുള്ളതും എ.സി.ആർ,അക്കൗണ്ട്സ് എന്നിവ പ്രകാരമുള്ളതും തമ്മിൽ പൊരുത്തമില്ല.

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(ഓഡിറ്റ്എൻക്വയറി നം-20/21-22 തിയ്യതി-08.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 17617364.80 |
| വരവ് | 71959589.00 |
| ആകെ | 89576953.80 |
| ചെലവ് | 59948304.00 |
| നീക്കിയിരിപ്പ് | 29628649.80 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 14369976 | 14369976 | 10438410 | 3931566 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 1700482 | 1700482 | 1619916 | 80566 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 21122126 | 21122126 | 5650076 | 15472050 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 5612417 | 5612417 | 2600608 | 3011809 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | PFMS | 0 | 4476000 | 4476000 | 0 | 4476000 |
| | TREASURY | 0 | 4673784 | 4673784 | 1792622 | 2881162 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) | PFMS | 0 | 3037484 | 3037484 | 1366420 | 1671064 |
| | TREASURY | 0 | 731164 | 731164 | 467292 | 263872 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ഐ.സി.ഡി.എസ് | | 1315927 | 1325430 | 2641357 | 1546422 | 1094935 |
| പ്രാദേശിക വികസന ഫണ്ട്-എം.പി.ഫണ്ട് | | 522376 | 791396 | 1313772 | 483613 | 830159 |

## 1-5 പദ്ധതി ആസൂത്രണത്തിൽ വീഴ്ച

ഓഡിറ്റ് വർഷത്തെ പദ്ധതി ആസൂത്രണത്തിൽ വീഴ്ചകളുണ്ടായെന്ന് ഭരണസമിതി മിനിട്സ്, കരട് പദ്ധതി രേഖ, പദ്ധതി ചെലവ് പത്രിക എന്നിവയടക്കമുള്ള രേഖകൾ വ്യക്തമാക്കുന്നു. ഗ്രാമസഭകളിൽ അവതരിപ്പിക്കപ്പെടാത്ത പ്രൊജക്ടുകൾ വാർഷിക പദ്ധതയിൽ ഉൾപ്പെടുത്തുക, ഗുണഭോക്തൃ പ്രദേശത്തിന്റെ തെരെഞ്ഞെടുപ്പ് വസ്തുതാപരമല്ലാതാവുക, കൃത്യമായ മെയിന്റനൻസ് പ്ലാൻ ഇല്ലാതിരിക്കുക എന്നിവ ഇവയിൽ പ്രധാനപ്പെട്ടയവയാകുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

എ) വികസന സെമിനാറിൽ അവതരിപ്പിക്കാത്ത പദ്ധതികൾ വാർഷിക പദ്ധതിയിൽപ്പെടുത്തി

ആസൂത്രണ മാർഗ്ഗരേഖ പ്രകാരം, ഓരോ മേഖലയിലേയും കാലികമാക്കിയ അടിസ്ഥാനവിവരങ്ങൾ അടിസ്ഥാനപ്പെടുത്തി തിരിച്ചറിയുന്ന ആവശ്യങ്ങൾ, മുൻഗണനാ ക്രമത്തിൽ പ്രോജക്ട് നിർദ്ദേശങ്ങളായി വർക്കിംഗ് ഗ്രൂപ്പുകൾ മുന്നോട്ട് വയ്ക്കുകയാണ് ചെയ്യേണ്ടത്. ഈ നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ അവതരിപ്പിച്ച് അവയുടെ നിർദ്ദേശങ്ങളോടൊപ്പം അംഗീകാരം വാങ്ങുകയും, നിർദ്ദേശങ്ങളിൽ പരിഗണിക്കേണ്ടവ പരിഗണിച്ച് പ്രോജക്ട് നിർദ്ദേശങ്ങളിൽ ആവശ്യമായമാറ്റങ്ങൾ വരുത്തി അവ കരട് പദ്ധതി നിർദ്ദേശങ്ങളായി വർക്കിംഗ് ഗ്രൂപ്പുകൾ വികസന സെമിനാറിൽ അവതരിപ്പിക്കണം. വികസനസെമിനാറിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങളിൽ പ്രസക്തമായവ പരിഗണിച്ച്, പ്രോജക്ട് നിർദ്ദേശങ്ങളിൽ ആവശ്യമെങ്കിൽ വീണ്ടും മാറ്റം വരുത്തി, വാർഷിക പദ്ധതി വർക്കിംഗ് ഗ്രൂപ്പുകൾ അന്തിമമാക്കണം. ഇപ്രകാരം അന്തിമമാക്കിയ വാർഷിക പദ്ധതിക്കാണ് ഭരണസമിതി അംഗീകാരം നല്കി ഡി.പി.സി അംഗീകാരം വാങ്ങേണ്ടത്. ഈ നടപടിക്രമങ്ങൾ വിലയിരുത്തുമ്പോൾ, വികസന

സെമിനാറിൽ അവതരിപ്പിക്കപ്പെടുന്ന പദ്ധതി നിർദ്ദേശങ്ങളല്ലാതെ മറ്റ് പ്രോജക്റ്റുകളൊന്നും അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെടാൻ പാടില്ലെന്ന് കാണാവുന്നതാണ്. ഇതിന് വിപരീതമായി പദ്ധതികൾ ഉൾപ്പെട്ടെങ്കിൽ അവ ഗ്രാമസഭകളിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയിട്ടില്ലെന്നും അതുകൊണ്ട് തന്നെ നിയമപ്രകാരമുള്ളവയെല്ലെന്നും കാണാവുന്നതാണ്. കൂടാതെ ഇത്തരം പദ്ധതികൾ ആവശ്യകത തിരിച്ചറിയപ്പെടാത്തവയും, മുൻഗണനാക്രമം തെറ്റിക്കുന്നതുമാണെന്ന് കാണാവുന്നതാണ്.

സ്ഥാപനത്തിലെ ഓഡിറ്റ് വർഷത്തെ അന്തിമപദ്ധതി ചെലവ് പത്രിക പരിശോധിച്ചതിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളിൽ റോഡ് പ്രവൃത്തികളുടെ കാര്യത്തിൽ മാത്രം താഴെ പറയും പ്രകാരം 14 എണ്ണം വികസന സെമിനാറിൽ അവതരിപ്പിച്ച കരട് പദ്ധതി നിർദ്ദേശങ്ങളിൽ പെട്ടവയല്ലെന്ന് കാണുന്നു.

ഉൾപ്പെടാത്ത പ്രൊജക്റ്റുകളുടെ വിശദാംശങ്ങൾ

| ക്രമ നം | പ്രൊജക്റ്റ് നം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 41 | 315000 | 0 |
| 2 | 44 | 550000 | 0 |
| 3 | 51 | 500000 | 0 |
| 4 | 180 | 495000 | 0 |
| 5 | 182 | 175500 | 0 |
| 6 | 200 | 550000 | 0 |
| 7 | 203 | 200000 | 0 |
| 8 | 79 | 200000 | 0 |
| 9 | 178 | 450000 | 0 |
| 10 | 45 | 300000 | 226876 |
| 11 | 199 | 235000 | 234392 |
| 12 | 40 | 300000 | 289057 |
| 13 | 201 | 354000 | 337479 |
| 14 | 104 | 175500 | 156990 |

കേരള പഞ്ചായത്ത് രാജ് ആക്ടിനും ആസൂത്രണ മാർഗ്ഗരേഖ നിർദ്ദേശങ്ങൾക്കും വിരുദ്ധമായി മേൽ

പ്രൊജക്ടുകൾക്ക് തുക വകയിരുത്തിയതും ചെലവഴിച്ചതും വിശദീകരിക്കപ്പെടേണ്ടതാണ്.

ബി) ഗുണഭോക്തൃ പ്രദേശത്തിന്റെ തെരഞ്ഞെടുപ്പ് വസ്തുതാപരമല്ല

7.6.21 ന ചേർന്ന ഭരണസമിതി യോഗത്തിൽ ആറാം നമ്പർ അജണ്ടയായി പരിഗണിച്ച നിലാവ് പദ്ധതി പ്രകാരമുള്ള ആകെ 500 തെരുവ് വിളക്കുകളിൽ 31 ലൈറ്റുകൾ വീതം 2,3,4,5,6,7,8,10,11,13 എന്നീ വാർഡുകളിലും 15 ലൈറ്റുകൾ വീതം 1,9,12,14,15,16,17 എന്നീ വാർഡുകളിലും അനുവദിച്ചും ബാക്കിയുള്ള 85 ലൈറ്റുകൾ പൊതുജനങ്ങളുടെ ആവശ്യമനുസരിച്ച് പ്രസിഡണ്ട് നിർദ്ദേശിക്കുന്ന സ്ഥലത്ത് സ്ഥാപിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. എഴ് അംഗങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തിയാണ് മേൽ തീരുമാനം കൈക്കൊണ്ടതെന്ന് കാണുന്നു. തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യവും സ്ഥലവും ഗ്രാമസഭയിൽ നിന്നും ഉയർന്നു വരുന്നതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ വിളക്കുകൾ വിതരണം ചെയ്യണമെന്നിരിക്കെ ഭരണസമിതി ഏകപക്ഷീയമായി നിശ്ചിതവിളക്കുകൾ വിവിധ വാർഡുകളിൽ സ്ഥാപിക്കാൻ തീരുമാനിച്ചത് ആസൂത്രണപ്രവർത്തനങ്ങളുടെ അന്തസത്തയ്ക്ക് വിരുദ്ധമാണ്. ഇപ്രകാരം തീരുമാനം കൈക്കൊണ്ടതിന് അടിസ്ഥാനമാക്കിയ മാനദണ്ഡമെന്തെന്ന് വ്യക്തമാക്കേണ്ടതാണ്. കൂടാതെ പൊതുജനാവശ്യം ഗ്രാമസഭവഴി ഉയർന്നു വരണമെന്നിരിക്കെ പൊതുജനാവശ്യമനുസരിച്ച് 85 വിളക്കുകൾ പ്രസിഡണ്ട് നിർദ്ദേശിക്കുന്ന സ്ഥലത്ത് സ്ഥാപിക്കുമെന്ന തീരുമാനത്തിന്റേയും ഔചിത്യം വ്യക്തമാക്കേണ്ടതാണ്.

സി) റോഡ് മെയിന്റനൻസ് പ്ലാനില്ല -റോഡുകൾ നവീകരിക്കുന്നത് ക്രമപ്രകാരമല്ല

റോഡ് മെയിന്റനൻസ് ഫണ്ട് വകയിരുത്തി പ്രൊജക്ടുകൾ തയ്യാറാക്കിയെങ്കിലും 29.1.2018ലെ 11/2018/തസ്വഭവ നമ്പർ ആസൂത്രണമാർഗ്ഗരേഖ ഖണ്ഡിക 6.7ൽ നിഷ്കർഷിക്കുന്ന തരത്തിൽ ഒരു ആസ്തി സംരക്ഷണ പദ്ധതി സ്ഥാപനത്തിൽ തയ്യാറാക്കിയിട്ടില്ല. എല്ലാ റോഡുകളുടേയും നിലവിലെ അവസ്ഥ വിലയിരുത്തി, അറ്റകുറ്റപ്പണി ആവശ്യമുള്ളവയുടെ മുൻഗണനാക്രമത്തിലുള്ള ഒരു പ്ലാൻ കസ്റ്റോഡിയൻ ഓഫീസറായ എഞ്ചിനീയർ തയ്യാറാക്കിയതാണ് ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടത്. ഇപ്രകാരമല്ലാതെ മറ്റ് മാനദണ്ഡങ്ങൾ പരിഗണിച്ചാണ് മെയിന്റനൻസിനായി റോഡുകൾ തെരെഞ്ഞെടുക്കുന്നത്. വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കും ഇത്തരത്തിൽ പ്ലാൻ തയ്യാറാക്കിയിട്ടില്ല എന്നത് ആസ്തി സംരക്ഷണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടക്കാതിരിക്കാനുള്ള സാധ്യത വെളിവാക്കുന്നു. 12.10.21ന് നടന്ന ഭരണസമിതി യോഗത്തിൽ (തീരുമാനം 12 കാണുക) 5ാം വാർഡ് കറ്റോടി ഭാഗം മിനി അംഗൻവാടിക്ക് ചോർച്ച ഉണ്ടെന്നും ആയത് ഉടൻ പരിഹരിക്കണമെന്ന അംഗൻവാടി ടീച്ചറുടെ കത്ത് ഭരണസമിതി ചർച്ച ചെയ്യുകയും ടി അങ്കണവാടി അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ചോർച്ച പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ യോഗം തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഇതേ യോഗത്തിലെ 16-ാം നമ്പർ തീരുമാനത്തിൽ 9ാം വാർഡിൽ 79-ാം നമ്പർ ദേവീ വിലാസം അങ്കണവാടിയുടെ അവസ്ഥ ശോചനീയമാണെന്നും കെട്ടിടത്തിന് അറ്റകുറ്റപ്പണി ഉടൻ നടത്തണമെന്ന വാർഡ് മെമ്പറുടെ കത്ത് യോഗം ചർച്ച ചെയ്യുതും രേഖപ്പെടുത്തിയിട്ടുണ്ട്. സമയബന്ധിതമായ അറ്റകുറ്റ പണികളുടെ അഭാവമാണ് ഇവ കാണിക്കുന്നതെന്നത് ശ്രദ്ധയിൽ പെടുത്തുന്നു.

നിർവ്വഹണാനന്തരം വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികൾ മോണിറ്റർ ചെയ്യാത്ത അവസ്ഥ നിർവ്വഹണത്തിന്റെ കാര്യക്ഷമത ഉറപ്പാക്കാൻ തടസ്സമായിട്ടുണ്ട്.

ആസൂത്രണത്തിലെ വീഴ്ചകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണം നല്കേണ്ടതും തുടർവർഷങ്ങളിൽ അപാകതകൾ ഒഴിവാക്കാൻ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-6 പദ്ധതി ചെലവ് കുറഞ്ഞു-സർക്കാർ ഗ്രാന്റിനത്തിൽ 2.54 കോടി രൂപ നഷ്ടമായി

ഓഡിറ്റ് വർഷം വാർഷിക പദ്ധതിയിൽ വിഭാവനം ചെയ്ത പ്രൊജക്ടുകൾ നിർവ്വഹിക്കുന്നതിൽ വന്ന വീഴ്ച മൂലം സർക്കാർ ഗ്രാന്റിനങ്ങളിൽ താഴെ കൊടുത്ത പ്രകാരം 2.54 കോടി രൂപ നഷ്ടമായിട്ടുണ്ട്.

| ക്രമ നം | ഗ്രാന്റിനം | ബജറ്റ് പ്രകാരം അനുവദിച്ച തുക | സ്ഥാപനം ചെലവഴിച്ച തുക ഐ.കെ.എം പത്രിക പ്രകാരം | നഷ്ടമായ തുക |
|---|---|---|---|---|
| 1 | പ്ലാൻ ജനറൽ | 15926000 | 12099943 | 3826057 |
| 2 | പ്ലാൻ SCP | 1622000 | 1619916 | 2084 |
| 3 | CFC | 5404948 | 2259914 | 3145034 |
| 4 | മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 21122126 | 5650076 | 15472050 |
| 5 | മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം ) | 5571727 | 2600608 | 2971119 |
| ആകെ | | 49646801 | 24230464 | 25416337 |

ആകെ 170 പ്രൊജക്ടുകൾ വിഭാവനം ചെയ്ത് 65881633/-രൂപ വകയിരുത്തിയതിൽ 115 എണ്ണത്തിനു 34778741/-രൂപ മാത്രമാണ് വിനിയോഗിക്കാനായത്. ചെലവു ശതമാനം 52.79 മാത്രമാണെന്നു കാണാം. സർക്കാർ അലോട്ട് ചെയ്ത തുകയ്ക്ക് മുഴുവൻ പ്രൊജക്ട് തയ്യാറാക്കാത്തതും നിർവ്വഹണോദ്യോഗസ്ഥരിൽ ചിലർ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയതും ചെലവു കുറയുന്നതിന് കാരണമായിട്ടുണ്ട്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

സർക്കാർ ഗ്രാന്റ് -അലോട്ട്മെന്റ് തുക മുഴുവൻ വാർഷിക പദ്ധതിക്ക് വകയിരുത്തിയില്ല

താഴെ കൊടുത്ത ഫണ്ടിനങ്ങളിൽ സർക്കാർ അലോട്ട് ചെയ്ത തുക പൂർണ്ണമായും വാർഷിക പദ്ധതിക്ക് വകയിരുത്തിയിട്ടില്ലെന്ന് കാണുന്നു.

| ക്രമ നം | ഫണ്ടിനം | സർക്കാർ അനുവദിച്ച തുക | വാർഷിക പദ്ധതിക്ക് വകയിരുത്തിയ തുക | വകയിരുത്തുന്നതിൽ കുറവു വന്നത് |
|---|---|---|---|---|
| 1 | പ്ലാൻ ജനറൽ | 15926000 | 14545569 | 1380431 |
| 2 | മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 21122126 | 10901000 | 10221126 |
| 3 | മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം ) | 5571727 | 5233144 | 338583 |

| | | | | |
|---|---|---|---|---|
| 4 | CFC | 12918432 | 12533348 | 385084 |
| | ആകെ | | | 12325224 |

1.23കോടിയുടെ ഫണ്ടിന് അനസൃതമായി പ്രൊജക്ട് രൂപീകരിക്കാത്തത് ഫണ്ട് നഷ്ടത്തിന് പ്രധാന കാരണമായി കാണാം. ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതാണ്.

നിർവ്വഹണത്തിൽ വീഴ്ച വരുത്തിയവർ

ഫണ്ട് നഷ്ടപ്പെടാനുള്ള മറ്റൊരു പ്രധാന കാരണം പ്രൊജക്ടുകൾക്ക് വകയിരുത്തിയ തുക വിനിയോഗിക്കുന്നതിൽ വീഴ്ച വരുത്തിയതാണ്. പ്രധാനപ്പെട്ട നിർവ്വഹണോദ്യോഗസ്ഥരുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ പ്രൊജക്ടുകൾ | തുക ചെലവഴിച്ച പ്രൊജക്ടുകൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | അസി.എഞ്ചിനീയർ | 91 | 49 | 29405818 | 10347215 |
| 2 | സെക്രട്ടറി | 24 | 19 | 5738458 | 3660642 |
| 3 | വി ഇ ഒ | 11 | 8 | 9491400 | 3967000 |

ഗ്രാമപഞ്ചായത്തിന്റെ വികസനപ്രവർത്തിന് ലഭ്യമായ വൻതുക വിനിയോഗിക്കാതെ നഷ്ടപ്പെടുത്തിയതിന് കാരണം വിശദമാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥർ ഉൾപ്പടെയുള്ളവർ ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 11820700 | 793 |
| വിധവാപെൻഷൻ | 16601500 | 1119 |
| വാർദ്ധക്യകാലപെൻഷൻ | 24736400 | 1842 |
| വികലാംഗപെൻഷൻ | 5797700 | 398 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 306400 | 21 |
| വിവാഹ ധനസഹായം | 150000 | 3 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ്

പരിശോധന 01.02.2023 ന് 10.30 Am മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,691/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 വിസ്തീർണ്ണത്തിനനുസൃതമായി വസ്തുനികുതി ഈടാക്കിയില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് 203, 208 (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 40 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

2011 ന് ശേഷം, നിർമ്മാണം പൂർത്തിയായതും തറ വിസ്തീർണം (Plinth Area) അടിസ്ഥാനമാക്കി നികുതി നിർണയിച്ചതുമായ താഴെ പറയുന്ന, 100 ച.മീ യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ, 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് സഞ്ചയയിൽ നികുതി കണക്കാക്കിയത്. ഇതുമൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതി വരവിൽ നഷ്ടം സംഭവിച്ചു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ 1

| | |
|---|---|
| വാർഡ് നമ്പർ/കെട്ടിട നമ്പർ | 11/290 A,B,C,D |
| ആകെ തറ വിസ്തീർണ്ണം | 177.69 ച.മീ |
| കെട്ടിടമുടമയുടെ പേരും വിലാസവും<br>(സഞ്ചയ പ്രകാരം) | അസ്ഹർ, കുഴിച്ചകണ്ടത്തിൽ,<br>ആയഞ്ചേരി,-673541 |
| നികുതി പ്രാബല്യത്തിൽ വന്ന വർഷം | 2021-22 ആദ്യ അർദ്ധ വാർഷികം |

കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല: പ്രഥമം

| ബാധകമാക്കിയ നികുതി നിരക്ക് – 40 രൂപ<br>ഈടാക്കുന്ന നികുതി<br>(ഇളവുകളും വർദ്ധനവും അടക്കം) | ബാധകമാക്കേണ്ട നികുതി നിരക്ക് – 50 രൂപ<br>ഈടാക്കേണ്ട നികുതി<br>(ഇളവുകളും വർദ്ധനവും അടക്കം) | നഷ്ടം |
|---|---|---|
| 177.69*40= 7108/-<br>7108+1422= 8530/-<br>8530 + 427= 8957/-<br>{അടിസ്ഥാന നികുതി+ വഴി സൗകര്യം വർദ്ധനവ്: 5 മീറ്ററോ അതിൽ കൂടുതൽ 20%}+ ലൈബ്രറി സെസ് | 177.69*50= 8885/-<br>8885+1777=10662/-<br>10662+534= 11196/-<br>{അടിസ്ഥാന നികുതി+ വഴി സൗകര്യം വർദ്ധനവ്: 5 മീറ്ററോ അതിൽ കൂടുതൽ 20%}+ ലൈബ്രറി സെസ് 5% | 2021-22<br>11196- 8957 =2239/-<br>(2132 BT+ 107 LC) |

| | | |
|---|---|---|
| 5% | | |
| ആകെ | | 2239/-രൂപ |

ക്രമ നമ്പർ 2

| | |
|---|---|
| വാർഡ് നമ്പർ/കെട്ടിട നമ്പർ | 11/340 C,C1,C2,C3,C4,C5 |
| ആകെ തറ വിസ്തീർണ്ണം | 125.64 ച.മീ |
| കെട്ടിടമുടമയുടെ പേരും വിലാസവും (സഞ്ചയ പ്രകാരം) | ഷമീമ ഹാരിസ് റാബിയ, മുറിച്ചാണ്ടിയിൽ, കടമേരി-673542 |
| നികുതി പ്രാബല്യത്തിൽ വന്ന വർഷം | 2021-22 രണ്ടാം അർദ്ധ വാർഷികം |

| കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല: പ്രഥമം | | |
|---|---|---|
| ബാധകമാക്കിയ നികുതി നിരക്ക് – 40 രൂപ<br>ഈടാക്കുന്ന നികുതി<br>(ഇളവുകളും വർദ്ധനവും അടക്കം) | ബാധകമാക്കേണ്ട നികുതി നിരക്ക് – 50രൂപ<br>ഈടാക്കേണ്ട നികുതി<br>(ഇളവുകളും വർദ്ധനവും അടക്കം) | നഷ്ടം |
| 125.64*40= 5026/-<br>5026+1006= 6032/-<br>6032 + 302= 6334/-<br>{അടിസ്ഥാന നികുതി+ വഴി സൗകര്യം വർദ്ധനവ്: 5 മീറ്ററോ അതിൽ കൂടുതൽ 20%}+ ലൈബ്രറി സെസ് 5% | 125.64*50= 6282/-<br>6282+1257= 7539/-<br>7539+377= 7916/-<br>{അടിസ്ഥാന നികുതി+ വഴി സൗകര്യം വർദ്ധനവ്: 5 മീറ്ററോ അതിൽ കൂടുതൽ 20%}+ ലൈബ്രറി സെസ് 5% | 2021-22 രണ്ടാം അർദ്ധ വാർഷികം<br>7916-6334 =1582/-<br>(1507 BT+ 75 LC)<br>1582/2= 791/- |

| | | |
|---|---|---|
| | | |
| ആകെ | | 791/- രൂപ |

ക്രമ നമ്പർ 3

ന്യൂ ബിൽഡിംങ്ങ്, സഞ്ചയ എന്നിവ പരിശോധിച്ചതിൽ താഴെ ചേർത്ത വാണിജ്യകെട്ടിടത്തിന്റെ മുറികളിൽ 11/696 U ഒഴികെ 11/696 V, 11/696 W എന്നിവയ്ക്ക് 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് നികുതി കണക്കാക്കിയത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| വാർഡ് നമ്പർ/കെട്ടിടനമ്പർ | 11/696 U,V,W |
| ആകെ തറ വിസ്തീർണ്ണം | U-148.25ച.മീ, V-25.17ച.മീ, W-25.17 ച.മീ<br>(V+W=25.17+25.17= 50.34 ച.മീ) |
| കെട്ടിടമുടമയുടെ പേരും വിലാസവും(സഞ്ചയ പ്രകാരം) | ചെർക്കോട്ട് ചാലിൽ കുഞ്ഞബ്ദുള്ള. ടി.പി, സി. മൊയ്തു കെ അഹമ്മദ്, നാളോം കോറോൾ താഴെക്കുനി, ആയഞ്ചേരി-673541 |
| നികുതി പ്രാബല്യത്തിൽ വന്ന വർഷം | 2021 രണ്ടാം അർദ്ധ വാർഷികം |

| കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല: പ്രഥമം | | |
|---|---|---|
| ബാധകമാക്കിയ നികുതി നിരക്ക് -40 രൂപ<br>ഈടാക്കുന്ന നികുതി<br>(ഇളവുകളും വർദ്ധനവും അടക്കം) | ബാധകമാക്കേണ്ട നികുതി നിരക്ക് -50രൂപ<br>ഈടാക്കേണ്ട നികുതി<br>(ഇളവുകളും വർദ്ധനവും അടക്കം) | നഷ്ടം |
| 7.1750.34*40= 2014/-<br>2014+403= 2417/-<br>2417 + 121= 2538/-<br>{അടിസ്ഥാന നികുതി+ വഴി സൗകര്യം വർദ്ധനവ്: 5 മീറ്ററോ അതിൽ കൂടുതൽ 20%}+ ലൈബ്രറി സെസ് 5% | 50.34*50= 2517/-<br>2517+504= 3021/-<br>3021+151= 3172/-<br>{അടിസ്ഥാന നികുതി+ വഴി സൗകര്യം വർദ്ധനവ്: 5 മീറ്ററോ അതിൽ കൂടുതൽ 20%}+ ലൈബ്രറി സെസ് 5% | 2021-22 രണ്ടാം അർദ്ധ വാർഷികം<br>3172-2538 =634/-(604+30 LC)<br>634/2= 317/- |

| | | |
|---|---|---|
| | | |
| ആകെ | | 317/- രൂപ |

ക്രമ നമ്പർ 4.

| | |
|---|---|
| വാർഡ് നമ്പർ/കെട്ടിട നമ്പർ | 11/252 B |
| ആകെ തറ വിസ്തീർണ്ണം | 116 ച.മീ |
| കെട്ടിടമുടമയുടെ പേരും വിലാസവും<br>(സഞ്ചയ പ്രകാരം) | അമ്മത്, ചോയിക്കണ്ടി,<br>ആയഞ്ചേരി-673541 |
| നികുതി പ്രാബല്യത്തിൽ വന്ന വർഷം | 2013 ആദ്യ അർദ്ധ വാർഷികം |

| | |
|---|---|
| കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല: പ്രഥമം | |
| ബാധകമാക്കിയ നികുതി നിരക്ക് -40 രൂപ<br>ഈടാക്കുന്ന നികുതി<br>(ഇളവുകളും വർദ്ധനവും അടക്കം) | ബാധകമാക്കേണ്ട നികുതി നിരക്ക്-50 രൂപ<br>ഈടാക്കേണ്ട നികുതി<br>(ഇളവുകളും വർദ്ധനവും അടക്കം) |
| 116*40= 4640/-<br>4640+928= 5568/-<br>5568+279= 5847/-<br>{അടിസ്ഥാന നികുതി+ വഴി സൗകര്യം വർദ്ധനവ്: 5 മീറ്ററോ അതിൽ കൂടുതൽ 20%}+ ലൈബ്രറി സെസ് 5% | 116*50= 5800/-<br>5800+1160= 6960/-<br>6960+348= 7308/-<br>{അടിസ്ഥാന നികുതി+വഴി സൗകര്യം വർദ്ധനവ്: 5 മീറ്ററോ അതിൽ കൂടുതൽ 20%}+ ലൈബ്രറി സെസ് 5% |

| നഷ്ടം | | | | | | | | |
|---|---|---|---|---|---|---|---|---|
| 2013-14 | 2014-15 | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
| 7308 - 5847 =1461/- (1392 BT+ 69 LC) | 7308 - 5847 =1461/- (1392 BT+69 LC) | 7308 - 5847 =1461/- (1392 BT+69 LC) | 7308 - 5847 =1461/- (1392 BT+69 LC) | 7308 - 5847 =1461/- (1392 BT+69 LC) | 7308 - 5847 =1461/- (1392 BT+69 LC) | 7308 - 5847 =1461/- (1392BT+ 69 LC) | 7308 - 5847 =1461/- (1392 BT+69 LC) | 7308 - 5847 =1461/- (1392BT+ 69 LC) |
| 2013-14 മുതൽ 2021-22 വരെ ആകെ 13149/- രൂപ (12491 BT+ 658 LC) രൂപ നഷ്ടം | | | | | | | | |

ക്രമ നമ്പർ 5

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ ശ്രീമതി. പാത്തു (നദീറ മൻസിൽ താമസിക്കും വാരർകണ്ടി, ആയഞ്ചേരി-673541,) എന്നവരുടെ ഉടമസ്ഥതയിലുള്ള താഴെ ചേർത്ത കെട്ടിടത്തിന്റെ പഴക്കം 5 വർഷം എന്നും നികുതി പ്രാബല്യത്തിൽ വന്ന വർഷം 2013 ആദ്യ അർദ്ധ വാർഷികം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. താഴെ ചേർത്ത കെട്ടിടത്തോടനുബന്ധമായുള്ള നമ്പർ 11/802 C,D,E,F,N എന്നീ നമ്പറുകൾ പരിശോധിച്ചതിൽ ഈ മുറികൾ മേൽ ചേർത്ത ശ്രീമതി. പാത്തു എന്നവരുടെ ഉടമസ്ഥതയിലുള്ളതാണെന്ന് വ്യക്തമാണ്. അഥവാ താഴെ ചേർത്ത മുറികൾ ഒരേ കെട്ടിടത്തിന്റെ ഭാഗമാണെന്ന് അനുമാനിക്കുന്നു. ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല. താഴെ ചേർത്ത മുറികൾ 100ച.മീനു മുകളിൽ വിസ്തീർണ്ണമുള്ളവയും 2011 ന് ശേഷം, നിർമ്മാണം പൂർത്തിയായതും തറ വിസ്തീർണം (Plinth Area) അടിസ്ഥാനമാക്കി നികുതി നിർണയിച്ചവയുമാണെന്ന് സഞ്ചയസോഫ്റ്റ് വെയർ പരിശോധിച്ചതിൽ നിന്ന് വ്യക്തമാണ്. എന്നാൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് ഇവയ്ക്ക് സഞ്ചയയിൽ നികുതി കണക്കാക്കിയത്.

| കെട്ടിടത്തിന്റെ നമ്പർ | വിസ്തീർണ്ണം |
|---|---|
| 11/802 A1 | 137.38ച.മീ |
| 11/802 A3 | 187.99ച.മീ |
| 11/802 M | 153.15ച.മീ |
| 11/802 P | 107.43ച.മീ |

നികുതി തെറ്റായി നിർണ്ണയിച്ചത് മൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതി വരവിൽ വലിയ നഷ്ടം സംഭവിച്ചു കൊണ്ടിരിക്കുന്നു. മേൽ കെട്ടിടം സ്ഥലപരിശോധന നടത്തി നികുതി പുനർനിർണ്ണയിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

വസ്തുനികുതി ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം വന്ന തുക ബന്ധപ്പെട്ട വർഷങ്ങളിൽ ചുമതല വഹിച്ച ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

ഓഡിറ്റ് വർഷം പഞ്ചായത്ത് ഫണ്ടിന് നഷ്ടം വന്ന തുക പ്രഥമ മറുപടി സമർപ്പിക്കുന്നതോടൊപ്പം പഞ്ചായത്ത് ഫണ്ടിൽ അടവാക്കി രസീതി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം 3347/- രൂപ സെക്രട്ടറിയുടെ പേരിൽ ചാർജ് ചെയ്യുന്നതാണ്.
(ചാർജ് ചെയ്യാവുന്നത്- ക്രമ നമ്പർ 1+2+3) 2239 + 791 + 317 = 3347/- (3179 BT+ 168 LC)

മേൽ പരാമർശിച്ച കെട്ടിടങ്ങളിൽ ഒരേ കെട്ടിടത്തിലെ തന്നെ വിവിധ മുറികൾക്ക് കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല പ്രഥമം എന്നും ദ്വിതീയം എന്നും തെറ്റായി രേഖപ്പെടുത്തിയത് പരിശോധിക്കേണ്ടതാണ്. ഉദാ- 11/290A പ്രഥമം എന്നും, 11/290B ദ്വിതീയം എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-10 രസീതി പിരിവിലെ അപാകതകൾ

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ബയോ കമ്പോസ്റ്റർ ബിൻ പദ്ധതിയുമായി ബന്ധപ്പെട്ട് (പ്രൊജക്ട് നമ്പർ SO 166/22) മാന്വൽ രശീതികൾ ഉപയോഗിച്ച് 1,62,000/- രൂപ (900 ഗുണഭോക്താക്കളിൽ നിന്ന് 180/- രൂപ വീതം) ഗുണഭോക്തൃ വിഹിതം പിരിച്ചിട്ടുണ്ട്

. ടി മാന്വൽ രശീതികൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. രശീതി ബുക്ക് നമ്പർ 10586 ലെ രശീതി നമ്പർ 37 പ്രകാരം 25/10/21 തീയതിയിൽ ഗുണഭോക്തൃവിഹിതമായ 180/- രൂപ പി.കെ. അമ്മദ് എന്ന ഗുണഭോക്താവിൽ നിന്ന് പിരിച്ചിട്ടുണ്ട്. എന്നാൽ കളക്ഷൻ രജിസ്റ്റർ പരിശോധിച്ചതിൽ മേൽ രസീതി നമ്പർ പ്രകാരമുള്ള 180/- രൂപ 17/09/21 തീയതിയിൽ (സാംഖ്യ രസീതി നമ്പർ 121040101210) തന്നെ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. അഥവാ ഗുണഭോക്താവിൽ നിന്ന് 17/09/21 ന് തുക പിരിച്ച് പഞ്ചായത്ത് ഫണ്ടിൽ അടവാക്കി ഒരു മാസത്തോളം സമയം കഴിഞ്ഞാണ് രസീതി എഴുതിയിട്ടുള്ളത്. കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 7(1) പ്രകാരം സർക്കാരിനു ലഭിക്കാനുള്ള ഏതെങ്കിലും തുക ലഭിച്ചു കഴിഞ്ഞാൽ ലഭിച്ച തുകയ്ക്ക് രസീതി നൽകേണ്ടതാണ്.

2. രസീതി ബുക്ക് നമ്പർ 10612 പരിശോധിച്ചതിൽ 1 മുതൽ 100 വരെ രസീതികൾ പ്രകാരം തുക സ്വീകരിച്ചിരിക്കുന്നത് തീയതി രേഖപ്പെടുത്താതെയാണ്. കേരള പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 16 പ്രകാരം കൈപ്പറ്റുന്ന തുക തൊട്ടടുത്ത പ്രവൃത്തി ദിവസം പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. ഇത്തരത്തിൽ തീയതി രേഖപ്പെടുത്താത്തതിനാൽ നിയമത്തിനു വിരുദ്ധമായി തുക കൈവശം വച്ചിരുന്നോ എന്ന് പരിശോധിക്കാൻ സാധിച്ചില്ല.

3. രസീതി ബുക്ക് നമ്പർ 10596 രസീതി നമ്പർ 1 ൽ തീയതി 09/01/2022 എന്ന് രേഖപ്പെടുത്തിയത് തിരുത്തി 19/01/2022 എന്ന് ചേർത്തിട്ടുണ്ട്. ഡബിൾ സൈഡ് കാർബൺ വച്ച് രസീതി എഴുതിയതിൽ തീയതി മാത്രം മറുവശത്ത് പതിഞ്ഞിട്ടില്ല. കൂടാതെ ഇതേ രസീതിയുടെ ഡ്യൂപ്ലിക്കേറ്റ് ഗുണഭോക്താവിന് നൽകാതെ രസീതി ബുക്കിൽ തന്നെ വച്ചത് പരിശോധിച്ചതിൽ തീയതി ഒഴികെയുള്ള വിവരങ്ങൾ കാർബൺ പേപ്പർ മഷിയിൽ പതിഞ്ഞിരിക്കുന്നത് കാണാം. എന്നാൽ തീയതി മാത്രം പിന്നീട് പേന കൊണ്ട് എഴുതിച്ചേർത്തിരിക്കുന്നു. പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ട തുക യഥാസമയം അടവാക്കാതെ ദിവസങ്ങളോളം കൈവശം വയ്ക്കുകയും രസീതിയിൽ തീയതി പിന്നീട് എഴുതിച്ചേർക്കുകയും ചെയ്തതാണെന്നും ഇതിൽ നിന്ന് വ്യക്തമാണ്.

4. രസീതി ബുക്ക് നമ്പർ 10610 രസീതി നമ്പർ 78 അസ്സൽ രീസിതിയിൽ ഗുണഭോക്താവിന്റെ വിവരങ്ങൾ പേന കൊണ്ട് എഴുതിയിട്ടുണ്ട് എന്നാൽ തീയതി മാത്രം രേഖപ്പെടുത്തിയിരിക്കുന്നത് കാർബൺ പേപ്പർ മഷി കൊണ്ടാണ്. അഥവാ തീയതി പിന്നീട് എഴുതി ചേർത്തതിനാൽ അശ്രദ്ധമൂലം 73ാം നമ്പർ ഡ്യൂപ്ലിക്കേറ്റ് രസീതിയുടെ പിന്നിൽ കാർബൺ വച്ച് എഴുതി ചേർത്തിട്ടുള്ളതാണെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. കൂടാതെ മേൽ രസീതി ബുക്കിൽ പല രസീതുകളിലും തീയതി എഴുതിയിട്ടില്ല. കൂടാതെ തീയതി രേഖപ്പെടുത്തിയ രസീതുകൾ പരിശോധിച്ചതിൽ രസീതിയുടെ പിൻവശത്തായി പതിഞ്ഞ ഗുണഭോക്താവിന്റെ വിവരങ്ങൾ പതിഞ്ഞ മഷിയും തീയതിയുടെ പതിഞ്ഞ മഷിയും വ്യത്യാസപ്പെട്ടിരിക്കുന്നു.(ഉദാ:- 68,69,70 നമ്പർ രസീതികൾ) പണം സ്വീകരിക്കുമ്പോൾ രസീതി എഴുതുന്നില്ലെന്നതിന് ഉദാഹരണങ്ങളാണിവ.

5. വി.ഇ.ഒ കൈകാര്യം ചെയ്ത രസീതു ബുക്കുകളിൽ പലതിലും അസ്സൽ ഗുണഭോക്താക്കൾക്ക് പറിച്ച് നൽകുകയും ഡ്യൂപ്ലിക്കേറ്റ് , രസീതി ബുക്കിൽ സൂക്ഷിക്കുകയുമാണ് ചെയ്തിട്ടുള്ളത് ഉദാഹരണം-രസീതി ബുക്ക് നമ്പർ 10583, 1 മുതൽ 43 വരെയുള്ള രസീതുകൾ

കേരള പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 20 കൈയ്യെഴുത്ത് സമ്പ്രദായത്തിലുള്ള രസീതുകൾ മെഷീൻ നമ്പർ നൽകിയവയും ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ച് എഴുതിയവയും ആയിരിക്കണം. രസീതിയുടെ അസ്സൽ ഓഫീസിൽ സൂക്ഷിക്കേണ്ടതും പണം ഒടുക്കിയ ആൾക്ക് ഡ്യൂപ്ലിക്കേറ്റ് നൽകേണ്ടതുമാണ്.

രസീതി നൽകാതെ ഗുണഭോക്താക്കളിൽ നിന്ന് പണം പിരിക്കുമ്പോൾ യഥാർത്ഥത്തിൽ ഈടാക്കേണ്ട തുകയാണോ ഈടാക്കുന്നതെന്ന് ഉറപ്പുവരുത്താൻ സാധിക്കുകയില്ല. ഇതിലൂടെ ഗുരുതര ക്രമക്കേടുകൾ നടക്കാനുള്ള സാധ്യതയുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

രശീതികൾ മുഖേനയുള്ള പണം പിരിവ്, ഒടുക്ക് എന്നിവയുടെ കാര്യത്തിൽ കേരള ഫിനാൻഷ്യൽ കോഡ്, കേരള ട്രഷറി കോഡ്, പഞ്ചായത്ത് അക്കൗണ്ട്സ് ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല. രശീതി ബുക്കുകൾ അലക്ഷ്യമായും അശ്രദ്ധമായും കൈകാര്യം ചെയ്തത് മൂലമാണ് ഈ പിഴവുകൾ സംഭവിച്ചിട്ടുള്ളത്. മേലിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-11 ആയഞ്ചേരി ബസ് സ്റ്റാന്റിൽ നിന്ന് വരുമാനമില്ല

2021-22 സാമ്പത്തിക വർഷത്തെ ലേലവുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ബസ് സ്റ്റാന്റ് 01/04/2021 മുതൽ 31/03/2022 വരെ കൈവശം വെക്കുന്നതിന് 10/03/2021, 2.30pmന് ആയഞ്ചേരി ഗ്രാമപഞ്ചായത്ത് ഓഫീസിൽ വെച്ച് ലേലം ചെയ്യുകയുണ്ടായി. എന്നാൽ ആരും തന്നെ ലേലത്തിൽ പങ്കെടുത്തിരുന്നില്ല. രേഖകൾ പരിശോധിച്ചതിൽ 2017-18 സാമ്പത്തിക വർഷം വരെയാണ് പ്രസ്തുത ബസ് സ്റ്റാന്റ് ലേലം ചെയ്തുപോയിരുന്നതെന്നും പിന്നീടുള്ള വർഷങ്ങളിൽ ബസ് സ്റ്റാന്റ് ലേലം ചെയ്തിട്ടും ആരും തന്നെ ലേലം കൈക്കൊണ്ടിരുന്നില്ലെന്നും വ്യക്തമായി. വർഷങ്ങളായി പഞ്ചായത്ത് സ്റ്റാന്റിൽ ബസ്സുകൾ പ്രവേശിക്കാറില്ലെന്നും ലേലം കൊള്ളുന്നയാൾക്ക് ഫീ പിരിക്കാനോ ഇതിൽ നിന്ന് ആദായമുണ്ടാക്കാനോ സാധിക്കാത്ത അവസ്ഥയായതിനാലാണ് ആരും തന്നെ ലേലം കൈക്കൊള്ളാൻ തയ്യാറാവാത്തത് എന്നും ബന്ധപ്പെട്ട സെക്ഷൻ ബോദ്ധ്യപ്പെടുത്തിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് നിരവധി തവണ നോട്ടീസ് നൽകി ബസ്സുകൾ സ്റ്റാന്റിൽ പ്രവേശിപ്പിക്കുന്നതിന് ശ്രമിച്ചിരുന്നെങ്കിലും ശ്രമങ്ങൾ വിഫലമാവുകയാണ് ചെയ്തതെന്നും രാത്രിയിൽ ചില ബസ്സുകൾ നിർത്തിയിടാറുണ്ട് എന്നുമാണ് സെക്ഷൻ വ്യക്തമാക്കിയത്. നിലവിൽ ബസ്സ്റ്റാന്റിൽ നിരവധി പ്രൈവറ്റ് വാഹനങ്ങൾ പാർക്ക് ചെയ്യുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. 1995 -ലെ കേരള പഞ്ചായത്ത് രാജ് (ഇറക്കു സ്ഥലങ്ങൾ, വിരാമ സ്ഥലങ്ങൾ, വണ്ടിത്താവളങ്ങൾ, മറ്റു വാഹന സ്റ്റാന്റുകൾ) ചട്ടങ്ങൾ, ചട്ടം 9 പ്രകാരം പൊതു വിരാമ സ്ഥലമോ വണ്ടിത്താവളമോ ഉപയോഗിക്കുന്നതിന് ഫീസ് ചുമത്തേണ്ടതാണെന്നും, ചുമത്തേണ്ട ഫീസ് നിരക്കും പ്രതിപാദിച്ചിരിക്കുന്നു. മേൽ ചട്ട പ്രകാരം ഇത്തരത്തിൽ പാർക്ക് ചെയ്യുന്ന വാഹനങ്ങളിൽ നിന്നും പഞ്ചായത്ത് നിയമപ്രകാരമുള്ള ഫീസ് ഈടാക്കി സ്ഥാപനത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

## 1-12 ക്ലെയിം ചെയ്യാതെ ജീവനക്കാർക്ക് യാത്രാബത്ത അനുവദിച്ചു

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 53 (B) 6 പ്രകാരം ഒരു മാസം നടത്തുന്ന യാത്രകളുടെ ബത്തയ്ക്ക് അടുത്ത മാസം ഒന്നാം തീയതിമുതൽ അർഹത (ഡ്യൂ ആകുന്നതാണ്) ഉണ്ടാകുന്നതാണ്. അതായത് ഒന്നാം തീയതി മുതൽ ഇതിനുള്ള ക്ലെയിം യാത്രാ ഡയറിയായി ജീവനക്കാരൻ സമർപ്പിക്കേണ്ടതുണ്ട്. യാത്ര നടത്തിയതു കൊണ്ട് മാത്രമല്ല മറിച്ച് ഇതിനുള്ള ക്ലെയിം ഇപ്രകാരം സമർപ്പിച്ചാൽ മാത്രമാണ് യാത്രബത്തയ്ക്ക് ജീവനക്കാരന് /ജനപ്രതിനിധിക്ക് അർഹത വരികയുള്ളൂ. എന്നാൽ ഇപ്രകാരം ക്ലെയിം ഇല്ലാതെയാണ് ഓഡിറ്റ് വർഷം ജീവനക്കാർക്ക് താഴെ കൊടുത്ത വിധം യാത്രാബത്ത അനുവദിച്ചിരിക്കുന്നത്.

| ക്രമനം | ജീവനക്കാർ | നല്കിയ യാത്രാ ബത്ത | വൌച്ചർ നം |
|---|---|---|---|
| 1 | സെക്രട്ടറി | 4780 | 22100058/27.4.21 |
| 2 | സെക്രട്ടറി | 640 | 22100059/27.4.21 |
| 3 | സെക്രട്ടറി | 420 | 22100835/14.3.22 |

| | | | |
|---|---|---|---|
| 4 | മറ്റ് സ്ഥിരം ജീവനക്കാർ | 48177 | 22100057/27.4.21 |
| 5 | മറ്റ് സ്ഥിരം ജീവനക്കാർ | 53206 | 22100836/14.3.22 |

ആകെ തുക-107223/-

ക്ലെയിം ചെയ്യാതെ യാത്രാ ബത്ത അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. അപാകതയുടെ അടിസ്ഥാനത്തിൽ ചെലവുതുക 107223/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-13 മത്സ്യമാർക്കറ്റ് ലേലം കൊണ്ടയാളുമായി കരാറിലേർപ്പെടുന്നില്ല

ലേലം/ക്വട്ടേഷൻ പരസ്യം പ്രകാരം ആയഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള, ആയഞ്ചേരി തണ്ണീർപന്തൽ മത്സ്യമാർക്കറ്റ് 01/04/2021 മുതൽ 31/03/2022 വരെ കൈവശം വെക്കുന്നതുമായി ബന്ധപ്പെട്ട് 10/03/2021, 2.30pm-ന് ആയഞ്ചേരി ഗ്രാമപഞ്ചായത്ത് ഓഫീസിൽ വെച്ച് ലേലം ചെയ്യുകയുണ്ടായി. ലേല നോട്ടീസിൽ നിബന്ധനയായി മത്സ്യമാർക്കറ്റ് ക്വട്ടേഷൻ സമർപ്പിക്കുന്നവർ 5000/- രൂപ നിരതദ്രവ്യം അടയ്ക്കേണ്ടതാണ് എന്ന് മാത്രമാണ് ചേർത്തിട്ടുള്ളത്. എന്നാൽ നിശ്ചിത തുകക്കുള്ള മുദ്രപത്രത്തിൽ എഗ്രിമെന്റ് വെക്കേണ്ടതിനെ കുറിച്ച് പരാമർശിച്ചിട്ടില്ല. ലേല ഡയറി പ്രകാരം 2 പേരാണ് ലേലത്തിൽ പങ്കെടുത്തത്. ഏറ്റവും അധികം തുകയായ 34,500/- രൂപയ്ക്ക് ലേലം വിളിച്ച ശ്രീ.രഞ്ജിത്ത്.വി.പി (വലിയപറമ്പത്ത്, കല്ലാച്ചി) ക്ക് ലേലം സ്ഥിരപ്പെടുത്തി കൊടുത്തിട്ടുണ്ട്. 10/03/2021 തീയതിയിലെ രസീതി നമ്പർ 120040104089 പ്രകാരം നിരതദ്രവ്യം 5000/-രൂപയും, 10/03/2021 തീയതിയിലെ രസീതി നമ്പർ 120040104090 പ്രകാരം 40,710/- രൂപയും (ലേലം കൊണ്ട തുക 34,500 രൂപ + 18% ജി.എസ്.ടി-6,210രൂപ) പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. എന്നിരുന്നാലും 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടം 7 ഉപചട്ടം 2 പ്രകാരം, (1)-ാം ഉപചട്ടപ്രകാരമുള്ള ഓരോ ലൈസൻസും ആ കെട്ടിടമോ അതിലുള്ള മുറിയോ ഇടമോ ഉപയോഗിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും ഉള്ള വ്യവസ്ഥകളും, ഫീസിന്റെ നിരക്കും, അത് കൊടുക്കേണ്ട സമയവും അതിൽ ഉൾക്കൊള്ളിച്ചിരിക്കേണ്ടതും മേൽപ്പറഞ്ഞ പ്രകാരമുള്ള വ്യവസ്ഥകളും നിബന്ധനകളും ഉചിതമായ മൂല്യമുള്ള മുദ്രപത്രത്തിലുള്ള ഒരു കരാറിന്റെ രൂപത്തിൽ എഴുതിയുണ്ടാക്കിയതായിരിക്കേണ്ടതും ഈ ചട്ടങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള ഫോറം III-ന് അനുയോജ്യമായിരിക്കേണ്ടതും ആണ് എന്നും വ്യവസ്ഥ ചെയ്യുന്നു. എന്നാൽ പഞ്ചായത്ത് മേൽ വ്യവസ്ഥ പാലിച്ചിട്ടില്ല. മുൻ വർഷങ്ങളിലെ ലേലവുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിലും മത്സ്യമാർക്കറ്റ് ലേലം കൊള്ളുന്നയാളുമായി പഞ്ചായത്ത് നിശ്ചിത വിലയിലുള്ള സ്റ്റാമ്പ് പേപ്പറിൽ കരാറുകൾ ചമച്ചതായോ അനുബന്ധ രേഖകൾ വാങ്ങി സൂക്ഷിച്ചതായോ കാണുന്നില്ല. മുദ്രപത്രത്തിൽ കരാർ നിബന്ധനകൾ എഴുതി ഒപ്പു വെച്ച് സൂക്ഷിക്കാത്തത് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുള്ള വീഴ്ച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. കരാർ ചമയ്ക്കാത്തത് മൂലം തുക ഒടുക്കുന്നതിൽ വീഴ്ച വരുത്തിയാൽ ആയത് ഈടാക്കുന്നതിന് നിയമപരമായി സാധിക്കുകയില്ല. ലേല നടപടികളിലുണ്ടാകുന്ന ഇത്തരം വീഴ്ചകൾ ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 ഭരണസമിതി യോഗ മിനിട്സ് സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല

ഭരണസമിതി യോഗങ്ങളുടെ മിനിട്സ് നിലവിൽ സകർമ്മ സോഫ്റ്റ് വെയറിലൂടെയാണ് തയ്യാറാക്കുന്നതും പരസ്യപ്പെടുത്തുന്നതും. സ്ഥാപനത്തിന്റെ മിനിട്സ് സകർമ്മയിൽ പരിശോധിച്ചതിൽ നാളിതുവരെ നടത്തിയ യോഗങ്ങളിൽ 8 യോഗങ്ങളുടെ മിനിട്സ് പൂർത്തീകരിച്ച് പ്രസിദ്ധീകരിച്ചിട്ടില്ലെന്ന് കാണുന്നു.വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | യോഗ നമ്പർ | യോഗ തീയതി | യോഗ സ്വഭാവം | മിനിട്സിന്റെ അവസ്ഥ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 35 | 11.10.22 | അടിയന്തിര യോഗം/പ്രത്യേക യോഗം | പൂർത്തീകരിച്ചിട്ടില്ല |
| 2 | 37 | 14.11.22 | സാധാരണ യോഗം | പൂർത്തീകരിച്ചിട്ടില്ല |
| 3 | 38 | 7.12.22 | സാധാരണ യോഗം | പൂർത്തീകരിച്ചിട്ടില്ല |
| 4 | 41 | 16.12.22 | അടിയന്തിര യോഗം/പ്രത്യേക യോഗം | പൂർത്തീകരിച്ചിട്ടില്ല |
| 5 | 42 | 26.12.22 | സാധാരണ യോഗം | പൂർത്തീകരിച്ചിട്ടില്ല |
| 6 | 1 | 7.01.23 | അടിയന്തിര യോഗം/പ്രത്യേക യോഗം | പൂർത്തീകരിച്ചിട്ടില്ല |
| 7 | 2 | 7.01.23 | അടിയന്തിര യോഗം/പ്രത്യേക യോഗം | പൂർത്തീകരിച്ചിട്ടില്ല |
| 8 | 3 | 17.01.23 | സാധാരണ യോഗം | പൂർത്തീകരിച്ചിട്ടില്ല |

ഭരണസമിതി യോഗങ്ങളുടെ മിനിട്സ് എപ്രകാരം തയ്യാറാക്കണമെന്നും പ്രസിദ്ധീകരിക്കണമെന്നും 1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾ, ചട്ടം 26ൽ വിശദമാക്കുന്നുണ്ട്. പഞ്ചായത്ത് യോഗത്തിൽ പാസാക്കുന്ന തീരുമാനങ്ങളും പ്രമേയങ്ങളും രേഖപ്പെടുത്തുന്നതിന് ഒരു തീരുമാനം രജിസ്റ്ററും യോഗനടപടിക്രമം രേഖപ്പെടുത്തുന്നതിന് ഒരു മിനിട്സ് ബുക്കും ഉണ്ടായിരിക്കണമെന്ന് ചട്ടം 20(3) വ്യവസ്ഥ ചെയ്യുന്നുണ്ട് . കൈയ്യെഴുത്തായി മിനിട്സും തീരുമാനം രജിസ്റ്ററും തയ്യാറാക്കുന്ന രീതി അടിസ്ഥാനപ്പെടുത്തിയാണ് ഈ ചട്ടമെങ്കിലും സോഫ്റ്റ് വെയർ അടിസ്ഥാനപ്പെടുത്തി ഇവ തയ്യാറാക്കുമ്പോൾ നടപടിക്രമവും സമയക്രമവും ഈ ചട്ടങ്ങൾ പ്രകാരമാകേണ്ടതുണ്ട്. പഞ്ചായത്ത് പാസാക്കുന്ന തീരുമാനങ്ങളും പ്രമേയങ്ങളും അവ പാസാക്കുന്ന മുറയ്ക്ക് സെക്രട്ടറി തീരുമാനം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും അതിനു താഴെ സെക്രട്ടറിയും യോഗാധ്യക്ഷനും ഒപ്പു വയ്ക്കേണ്ടതാണെന്നും ഇത് യോഗത്തിൽ വായിക്കേണ്ടതാണെന്നും ഇതിന്റെ പകർപ്പ് യോഗം അവസാനിച്ചയുടൻ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തണമെന്നും ചട്ടം 20(4)ൽ വിശദമാക്കുന്നുണ്ട്. ഇതിന്റെ പകർപ്പ് യോഗം കഴിഞ്ഞ് 48 മണിക്കൂറിനുള്ളിൽ പഞ്ചായത്തിലെ എല്ലാ അംഗങ്ങൾക്കും സെക്രട്ടറി നല്കണമെന്ന് ചട്ടം 20(6)അനുശാസിക്കുന്നു.

മിനിട്സിന്റെ കാര്യത്തിൽ, യോഗത്തിൽ ഓരോ വിഷയത്തിലും അംഗങ്ങൾ നടത്തിയ പ്രസംഗങ്ങളും പ്രസ്താവനകളും സെക്രട്ടറി നടത്തിയ അഭിപ്രായങ്ങളും ക്രമപ്രശ്നങ്ങളിൽ അദ്ധ്യക്ഷൻ എടുത്ത തീരുമാനങ്ങളും രത്നചുരുക്കത്തിൽ മിനിട്സ് ബുക്കിൽ രേഖപ്പെടുത്തണമെന്ന് ചട്ടം 20(7) ൽ പ്രതിപാദിക്കുന്നുണ്ട്. ഇതിന്റെ നക്കൽ യോഗം കഴിഞ്ഞ് മൂന്ന് ദിവസത്തിനുള്ളിൽ സെക്രട്ടറി അദ്ധ്യക്ഷന് നല്കേണ്ടതും (ചട്ടം 20(9)) അദ്ധ്യക്ഷൻ 24 മണിക്കൂറിനുള്ളിൽ അംഗീകരിച്ച് സെക്രട്ടറിക്ക് തിരികെ നല്കേണ്ടതുമാണ് (ചട്ടം 20(9)) ഇത് തിരിച്ചുകിട്ടിയാൽ ഉടൻ സെക്രട്ടറി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുകയും പകർപ്പ് നോട്ടീസ് ബോർഡിൽ പതിപ്പിക്കേണ്ടതുമാണ് (ചട്ടം 20(10)) ചട്ടങ്ങളിൽ ഇപ്രകാരം പ്രതിപാദിച്ചിരിക്കെ യോഗം കഴിഞ്ഞ് മാസങ്ങളായിട്ടും മിനിട്സും തീരുമാനം രജിസ്റ്ററും പൂർത്തിയാക്കി പ്രസിദ്ധീകരിക്കാത്തത് അംഗീകരിക്കാവുന്നതല്ല. 3.8.22ന് ചേർന്ന യോഗത്തിൽ 2ആം നമ്പർ അജണ്ടയായി കഴിഞ്ഞ ഭരണസമിതി യോഗങ്ങളുടെ മിനിട്സ് നിശ്ചിത സമയം കഴിഞ്ഞിട്ടും പഞ്ചായത്ത് ജനപ്രതിനിധികൾക്ക് കൈമാറിയിട്ടില്ലാത്തത് സംബന്ധിച്ച് ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. കുഞ്ഞിരാമൻ മാസ്റ്റർ രേഖാമൂലം ചോദ്യം ഉന്നയിച്ചിട്ടുണ്ടെന്ന കാര്യം ഇവിടെ പ്രസക്തമാണ്. മിനിട്സുമായി ബന്ധപ്പെട്ട് ചട്ടവിരുദ്ധമായി പ്രവർത്തിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതും അടിയന്തിരമായി മിനിട്സ് പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതുമാണ്. തുടർ യോഗങ്ങളുടെ മിനിട്സ് സമയബന്ധിതമായി പൂർത്തിയാക്കാൻ സെക്രട്ടറി പ്രസിഡന്റ് എന്നിവർ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

1-15 റിപ്പോർട്ടുകളുടെ തുടർനടപടി -നിയമപരമായ ബാധ്യത നിറവേറ്റുന്നില്ല

ഓഡിറ്റ് റിപ്പോർട്ടുകളിൽ തുടർനടപടികൾ സ്വീകരിക്കുന്നതിൽ നിയമപരമായ സമയക്രമവും നടപടികളും പാലിക്കുന്നില്ലെന്ന് കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ (2018-19,19-20,20-21 വർഷങ്ങളിലെ) റിപ്പോർട്ടുകളിന്മേലുള്ള നടപടികൾ സാക്ഷ്യപ്പെടുത്തുന്നു. റിപ്പോർട്ടുകളിൽ സ്വീകരിക്കേണ്ട പ്രധാനപ്പെട്ട നിയമപരമായ നടപടികൾ താഴെ കൊടുക്കുന്നു.

എ) ഓഡിറ്റ് റിപ്പോർട്ടുകൾ കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റേയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റേയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. ( കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ 14,15ചട്ടങ്ങൾ) .

ബി) റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം റിപ്പോർട്ടിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ /തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം,സെക്ഷൻ 15(1) ചട്ടം 20,23, കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ 21(1),(2)ചട്ടങ്ങൾ)

സി) ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭയുടെ പരിഗണനയ്ക്കും ചർച്ചയ്ക്കും സമർപ്പിക്കേണ്ടതും അതിന്റെ അഭിപ്രായങ്ങളും ശുപാർശകളും നിർദ്ദേശങ്ങളും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടതുമാണ്( കേരള പഞ്ചായത്ത് രാജ് നിയമം , സെക്ഷൻ 3എ(3))

എന്നാൽ പരാമർശിക്കപ്പെട്ട എല്ലാ റിപ്പോർട്ടുകളുടേയും കാര്യത്തിൽ മേൽ പറഞ്ഞ നിയമവ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടില്ല. 6.12.19 ന് ലഭിച്ച 2018-19വർഷത്തെ റിപ്പോർട്ട് ലഭിച്ച് രണ്ട് മാസത്തിനകം മറുപടി സമർപ്പിക്കാത്തതിനാൽ ,ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം,സെക്ഷൻ 15(3) പ്രകാരം 22.5.20ന് ഓഡിറ്റ് വകുപ്പ് തുടർ റിപ്പോർട്ട് പുറപ്പെടുവിക്കുകയായിരുന്നു. കൂടാതെ ഈ റിപ്പോർട്ട് ഭരണസമിതി പരിഗണിച്ചത് റിപ്പോർട്ട് ലഭിച്ച് അഞ്ചു മാസത്തോളം കഴിഞ്ഞ്,റിപ്പോർട്ടിനുള്ള മറുപടി പരിഗണിച്ച 11.5.20ലെ ഒരു സാധാരണ മീറ്റിംഗിൽ മറ്റ് അജണ്ടകൾക്കൊപ്പമാണ്.റിപ്പോർട്ടിലെ മിക്ക പരാമർശങ്ങളും നാളിതുവരെ തീർപ്പാക്കപ്പെട്ടിട്ടില്ല എന്നതും ശ്രദ്ധേയമാണ്.

2019-20,20-21വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ യഥാക്രമം 23.5.22, 17.6.22 തീയതികളിൽ സ്ഥാപനത്തിന് ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടുകൾ നാളിതുവരെ ഭരണസമിതിയുടെ മുമ്പാകെ വരികയോ റിപ്പോർട്ടുകളിൽ എന്തെങ്കിലും തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

മേൽ പരാമർശിച്ച ഒരു റിപ്പോർട്ടും ക്രമ നമ്പർ (സി)യിൽ പരാമർശിച്ച നിയമബാധ്യത നിറവേറ്റിയിട്ടില്ലെന്നതും ശ്രദ്ധേയമാണ്.ഇത് കൊണ്ട് തന്നെ സ്ഥാപനത്തിന് ജനങ്ങളോടുള്ള നിയമപരമായ ഉത്തരവാദിത്വം (ACCOUNTABILITY) നിറവേറ്റപ്പെട്ടില്ലെന്ന് കാണാം.

മേല്പറഞ്ഞതിൽ നിന്നും ഓഡിറ്റ് റിപ്പോർട്ടുകൾക്ക് മതിയായ പ്രാധാന്യം സ്ഥാപനം നല്കുന്നില്ലെന്ന്

വ്യക്തമാകുന്നു. റിപ്പോർട്ടുകളിൽ പരാമർശിക്കപ്പെട്ട വിഷയങ്ങളിൽ സ്ഥാപനത്തിന്റെ ഭരണക്രമത്തേയും വരുമാന വർദ്ധനവിനേയും ആസൂത്രണ നിർവ്വഹണ പ്രക്രിയകളേയും മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങളുണ്ടെന്നിരിക്കെ, അവ നടപ്പാക്കാതെയും യാതൊരുവിധ പരിഗണനയും നല്കാതേയും റിപ്പോർട്ടുകൾ അവഗണിക്കപ്പെടുകയാണുണ്ടായത് . ഇത് കൊണ്ട് തന്നെ വിവിധ വിഷയങ്ങളിൽ ഉന്നയിക്കപ്പെട്ട പോരായ്മകൾ പരിഹരിക്കപ്പെടാതെ, മുൻ റിപ്പോർട്ടുകളിൽ പരാമർശിക്കപ്പെട്ട അവസ്ഥയിൽ തന്നെ തുടരുന്നുണ്ടെന്ന് കാണുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണം നല്കേണ്ടതും റിപ്പോർട്ടിൽ പരാമർശിച്ച കാര്യങ്ങളിൽ നടപടി സ്വീകരിച്ച് അക്കാര്യം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

### 1-16 പഞ്ചായത്ത് തിരഞ്ഞെടുപ്പ്-സ്ഥാനാർത്ഥികളുടെ നിക്ഷേപം മുതൽക്കൂട്ടിയില്ല

ആയഞ്ചേരി ഗ്രാമപഞ്ചായത്തിൽ ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ ബാലൻസ് ഷീറ്റ് ബി-7 പ്രകാരം 54000/- രൂപ അവശേഷിക്കുന്നുണ്ട്. മേൽ തുക 2020 പഞ്ചായത്ത് തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് സ്ഥാനാർത്ഥികൾ ഡെപ്പോസിറ്റ് ചെയ്ത തുകയാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ- 53 പ്രകാരം ഒരു മണ്ഡലത്തിലെ തിരഞ്ഞെടുപ്പിന് വേണ്ടി ഓരോ സ്ഥാനാർത്ഥിയും നിർണ്ണയിക്കപ്പെട്ട തുക കെട്ടിവെക്കേണ്ടതാണ്. സെക്ഷൻ -153 (2) പ്രകാരം തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ച് 3 മാസത്തിനകം നിക്ഷേപിച്ച തുക സ്ഥാനാർത്ഥിക്ക് അപേക്ഷ നൽകുന്ന പക്ഷം തിരികെ നൽകാവുന്നതാണ്. ഇപ്രകാരം സമയപരിധിക്കുള്ളിൽ അപേക്ഷ ലഭ്യമാകാത്ത പക്ഷം മേൽ തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. എന്നാൽ ഇപ്രകാരം ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ തുക മുതൽക്കൂട്ടിയതായി കാണുന്നില്ല. അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം- 25/21-22 തിയ്യതി-08.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. കാലാവധി കഴിഞ്ഞ ഇലക്ഷൻ ഡെപ്പോസിറ്റ് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-17 പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമികളുടെ കരമടച്ചിട്ടില്ല

ആസ്തി രജിസ്റ്റർ പ്രകാരം ആകെ 40 പ്ലോട്ടുകൾ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുണ്ട്. എന്നാൽ ഡോക്യുമെന്റ് രജിസ്റ്റർ പ്രകാരം 31 എണ്ണത്തിന്റെ ആധാരം കൈവശമുണ്ടെന്നാണ് കാണുന്നത്. അതായത് 9 എണ്ണത്തിന്റെ ആധാരം ഈ രജിസ്റ്ററിൽ ചേർത്തിട്ടില്ലെന്ന് കാണാം. എന്നാൽ രജിസ്ററിൽ ചേർത്ത 16 ഡോക്യുമെന്റുകൾ മാത്രമാണ് സ്ഥാപനത്തിന് പരിശോധനയ്ക്ക് ഹാജരാക്കാൻ കഴിഞ്ഞത്. ആസ്തി രജിസ്റ്ററിലേയും ഡോക്യുമെന്റ് രജിസ്റ്ററിലേയും വ്യത്യാസത്തിനുള്ള കാരണം വിശദമാക്കുന്നതിനൊപ്പം എല്ലാ പ്ലോട്ടുകളുടേയും ആധാരം പരിശോധനയ്ക്ക് നല്കേണ്ടതുമാണ്. കൂടാതെ ഈ പ്ലോട്ടുകളുടെ ഭൂനികുതി ഏതു തീയതി വരെ ഒടുക്കി എന്നതും വ്യക്തമാക്കേണ്ടതാണ്.

### 1-18 അങ്കണവാടി പൂരകപോഷകാഹാരം വിതരണം -മോണിറ്ററിംങ് നടത്തുന്നില്ല.

ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ നിർവഹണം നടത്തിയ പോഷകാഹാര വിതരണ പ്രൊജക്റ്റിന്റെ ഭാഗമായി താഴെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 56/21-22.അനുപൂരകപോഷകാഹാര പദ്ധതി(ജനറൽ) | 4450000 | 4431874 |
| 2 | 22/21-22.അനുപൂരകപോഷകാഹാര പദ്ധതി(SO) | 251459 | 241371 |

പ്രൊജക്റ്റ് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജി.ഒ(എം.എസ്) 11/2018/ ത.സ്വ.ഭ.വ തി.29-01-2018 പ്രകാരം നൽകിയിട്ടുണ്ട്. ആയവ

താഴെ കൊടുക്കുന്നു.

എ) മേൽ ഉത്തരവ് 13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്.

ബി) 13.2 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്.

സി) 7.8.2.4 പ്രകാരം പോഷകാഹാര വിതരണം ഫലപ്രദമാണെന്ന് ഉറപ്പുവരുത്താൻ അങ്കണവാടി വെൽഫെയർ കമ്മറ്റി, നിരീക്ഷണ കമ്മറ്റി, ജനപ്രതിനിധികൾ എന്നിവരുടെ ഇടപെടൽ ഭരണസമിതി ഉറപ്പുവരുത്തേണ്ടതായിരുന്നു. വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ 21-22 സാമ്പത്തികവർഷം യോഗങ്ങളൊന്നും ചേർന്നിട്ടില്ല. അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം- 23/21-22 തിയ്യതി-08.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-19 അങ്കണവാടികളിൽ അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തത

ആയഞ്ചേരി ഗ്രാമപഞ്ചായത്തിൽ 25 അങ്കണവാടികളാണുള്ളത്. അതിൽ പല അങ്കണവാടികളിലും അടിസ്ഥാന സൗകര്യങ്ങളില്ലായെന്നത് ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശം താഴെകാട്ടുക്കുന്നു.

| ക്രമനം | ലഭ്യമല്ലാത്തഅടിസ്ഥാനസൗകര്യം | അങ്കണവാടികളുടെ വിശദാംശം |
|---|---|---|
| 2 | റോഡ് സൗകര്യമില്ലാത്തത് | 1 |
| 3 | കുടിവെള്ളം ലഭ്യമല്ലാത്ത് | സ്വന്തമായി കുടിവെള്ള സ്രോതസ്സ് ഇല്ലാത്ത 23 അങ്കണവാടികൾ ഉണ്ട്. |
| 4 | സ്വന്തമായി കെട്ടിടമില്ലാത്തത് | 5 |
| 5 | ചുറ്റുമതിൽ ഇല്ലാത്തവ | 18 എണ്ണം |

അങ്കണവാടികൾക്ക് അടിസ്ഥാനസൗകര്യങ്ങളൊരുക്കുന്നതിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 ജനറൽ പ്രൊജക്ടുകൾ വനിതാഘടക പദ്ധതിയിലുൾപ്പെടുത്തി

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

തൻവർഷം മുട്ടഗ്രാമം-വനിത(പ്രൊജക്ട്-04/21-22), മുട്ടക്കോഴി വിതരണം( പ്രൊജക്ട്-11/21-22) തുടങ്ങിയ പ്രൊജക്ടുകൾ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി കാണുന്നു. സ.ഉ(കൈ)നം.11/2018/തസ്വഭവ. തീ.29.01.2018 ഖണ്ഡിക 5.4.1(10) പ്രകാരം വികസനഫണ്ടിന്റെ 10% തുക വനിതാ ഘടക പദ്ധതിക്ക് വകയിരുത്തണം. ഖണ്ഡിക 6.3 പ്രകാരം സ്ത്രീകളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങളായിരിക്കണം വനിതാഘടക പദ്ധതിയിൽ ലക്ഷ്യമിടേണ്ടത്. സ്ത്രീകൾക്കും പുരുഷൻമാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രൊജക്ടുകൾ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല. സ്ത്രീകളുട ലേബർബാങ്ക്, വിപണന കേന്ദ്രങ്ങൾ, ലാബ് ടെക്നീഷ്യൻ കോഴ്സ് പാസ്സായിട്ടുള്ള വനിതകൾക്ക് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ലബോറട്ടറികൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം, സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ നേരിടുന്നതിന്

അനുയോജ്യമായ പ്രൊജക്ടുകൾ, സ്കൂളുകളിൽ പെൺകുട്ടികളുടെ സൗകര്യാർത്ഥം നാപ്കിൻ വെൻഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കൽ, പ്രതിരോധ പരിശീലന പരിപാടികളായ തായ്ക്കോണ്ട, ജൂഡോ, കരാട്ടെ, യോഗ എന്നിവയിൽ പരിശീലനങ്ങൾ നൽകൽ തുടങ്ങിയവയാണ് വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നവ. ഫലത്തിൽ തൻവർഷം വനിതാഘടക പദ്ധതിയൽ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. പദ്ധതി നിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി രൂപീകരിച്ചതാണ് അപാകതകൾക്ക് കാരണം. അപാകതകൾക്ക് മറുപടി നൽകുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം-22/21-22 തിയ്യതി-08.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-21 വാഴകൃഷി വികസനം -സ്ഥലവിസ്തൃതി കണക്കിലെടുക്കാതെ ആനുകൂല്യം വിതരണം ചെയ്തു

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി കാർഷിക മേഖലയിൽ നടപ്പാക്കിയ മേൽ പദ്ധതിയുടെ നിർവ്വഹണം പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

പ്രോജക്ട് നം-23/2021-22

അടങ്കൽ -199800/-

ചെലവ് -193600/-(BRN -21170352006901375472/18-03-2022)

കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും 20 രൂപ വിലയുള്ള 9680 നേന്ത്ര വാഴകന്നുകൾ വാങ്ങുകയും ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട 605 പേർക്ക് (16 എണ്ണം വീതം) വിതരണം ചെയ്യുകയും ചെയ്തു.

സ.ഉ(കൈ)നം.22/2018/തസ്വഭവ തീയ്യതി 14.02.18 ഖണ്ഡിക 6.1.4 പ്രകാരം 100% സബ്സിഡി നൽകാവുന്ന നടീൽ വസ്തുക്കളുടെ വിതരണത്തിനായി തയ്യാറാക്കുന്ന പ്രോജക്ടുകളിൽ സ്ഥലവിസ്തൃതിയുടെ അടിസ്ഥാനത്തിലാണ് വിത്തുകളുടെ അളവും ഉക്കവും തീരുമാനിക്കേണ്ടത്. എന്നാൽ മേൽ പദ്ധതി നിർവ്വഹണം നടത്തിയത് 100% നിരക്കിൽ വിത്ത് സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെ ഗുണഭോക്താക്കളുടെ സ്ഥലവിസ്തൃതി കണക്കിലെടുക്കാതെയാണ് വിതരണം നടത്തിയിട്ടുള്ളത്. അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം- 21/21-22 തിയ്യതി-08.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-22 പഞ്ചായത്തിൽ ഗുണമേന്മയുള്ള റോഡുകൾ നിർമ്മിച്ചത് സംബന്ധിച്ച്

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ 2018-19 മുതലുള്ള അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനായുള്ള സ.ഉ. (കൈ)11/2018/ തസ്വഭവ തിയ്യതി.29.01.2018 ഖണ്ഡിക 7.13.12 പ്രകാരം, ഗുണമേന്മയുള്ളതും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ തദ്ദേശ ഭരണ സ്ഥാപനവും ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷ ഗ്യാരന്റിയോടു കൂടി നിർമ്മിക്കാൻ പറയുന്നുണ്ട്. ആയഞ്ചേരി ഗ്രാമ പഞ്ചായത്ത് 2018-19 മുതൽ നാളിതുവരേ നടപ്പിലാക്കിയ വാർഷിക പദ്ധതികളിൽ 5 വർഷ ഗ്യാരന്റിയോടു കൂടി ഏതെങ്കിലും റോഡുകൾ നിർമ്മിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ആയവയുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറി 8/2021-22 ന് മറുപടി നൽകിയിട്ടില്ല. 5 വർഷ ഗ്യാരന്റിയോടു കൂടിയുള്ള റോഡുകൾ നിർമ്മിക്കാനുള്ള സാധ്യത സർക്കാർ തുറന്നു തന്നിട്ടും ഉപയോഗപ്പെടുത്താതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-23 വി.ഇ.ഒ ചെറുകിട വ്യവസായം/സ്വയം തൊഴിൽ മേഖലയിൽ പ്രോജക്ടുകൾ നടപ്പിലാക്കിയില്ല.

ഗ്രാമപഞ്ചായത്തിലെ 13ാം പഞ്ചവത്സര പദ്ധതി 2017-22 വികസനരേഖയിലും 2021-22 കരട് പദ്ധതിരേഖയിലും പഞ്ചായത്തിൽ "സാമ്പത്തിക രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കേണ്ട കുടുംബങ്ങൾ ഒട്ടേറെയുണ്ട് "എന്ന് പറയുന്നുണ്ട്. 2021-22 കരട് പദ്ധതിരേഖയിൽ പ്രാദേശിക സാമ്പത്തിക

വികസനം എന്ന അദ്ധ്യായത്തിൽ ചെറുകിട വ്യവസായം,സ്വയം തൊഴിൽ മേഖലയിൽ പ്രോജക്റ്റുകൾ പരാമർശിച്ചിട്ടുണ്ടെങ്കിലും ചെറുകിട വ്യവസായ സ്വയംതൊഴിൽ മേഖലയിൽ പദ്ധതികൾ നടപ്പിലാക്കിയതായി കാണുന്നില്ല. ചെറുകിട വ്യവസായ സ്വയം തൊഴിൽ മേഖലയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ ചുമതലയാണ്. 2021-22 കരട് പദ്ധതിരേഖയിൽ കല്ലേരി വ്യവസായ എസ്റ്റേറ്റിന് അടിസ്ഥാന സൗകര്യ വികസനം, റോഡ്, വെള്ളം, വൈദ്യുതി എന്നിവ ലഭ്യമാക്കാൻ പരാമർശമുണ്ടെങ്കിലും നാളിതുവരേ വ്യവസായ എസ്റ്റേറ്റിന് വാങ്ങിയ ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടില്ല. വ്യവസായ എസ്റ്റേറ്റ് ആരംഭിക്കാത്തതിനാൽ 4.6 ഏക്കർ ഭൂമി നിഷ്ക്രിയമായി കിടക്കുകയാണ്. ചെറുകിട വ്യവസായ സ്വയംതൊഴിൽ മേഖലയിൽ പദ്ധതികൾ നടപ്പിലാക്കാത്തതിനും വ്യവസായ എസ്റ്റേറ്റിന് വാങ്ങിയ ഭൂമിയിൽ അടിസ്ഥാന സൗകര്യമൊരുക്കി പ്രവർത്തനക്ഷമമാക്കാത്തതിനും വിശദീകരണം നൽകേണ്ടതാണ്. (ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 26/2021-22ന് മറുപടി നൽകിയിട്ടില്ല).

## 1-24 ഹരിത കർമ്മസേന പൂർണമായി പ്രവർത്തനം ആരംഭിച്ചില്ല

കേരള പഞ്ചായത്ത് രാജ് നിയമം 166 (1)-ാം വകുപ്പ്, മൂന്നാം പട്ടിക പ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയ്യൊഴിയുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഈ ചുമതലകൾ നിറവേറ്റിക്കൊണ്ട് മാലിന്യമുക്തകേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഹരിത കേരള മിഷനിൽ ഉൾപ്പെടുത്തി സമ്പൂർണ്ണ ശുചിത്വ-മാലിന്യ സംസ്കരണ കർമ്മ പരിപാടിക്ക് സ.ഉ(കൈ)നം.159/2016/തസ്വഭവ തീയതി 06.11.2016 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഇതിനെ തുടർന്ന് പൗരന്മാർക്ക് മാലിന്യസംസ്കരണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക, സങ്കീർണ്ണമായ മാലിന്യപ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനുമുള്ള സഹായം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുക, ശാസ്ത്രീയ മാലിന്യ പരിപാലനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി കൊണ്ട് സ.ഉ(സാധാ)2420/2017/തസ്വഭവ തീയതി 15.07.2017 പ്രകാരം ശുചിത്വ-മാലിന്യ സംസ്കരണ ക്യാമ്പയിന്റെ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചക്രമണത്തിലൂടെ മറ്റ് ഉത്പ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുക എന്നതാണ് ഈ ക്യാമ്പയിന്റെ ഉദ്ദേശ ലക്ഷ്യം. ആയതിലേയ്ക്കായി പൗരന്മാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിത കർമ്മസേന, ഹരിത സഹായ സ്ഥാപനം, ക്ലീൻ കേരള കമ്പനി, ഹരിത കേരള മിഷൻ എന്നിവയുടെ ചുമതലകൾ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഹരിത കർമ്മസേനയുടെ പ്രവർത്തനം

സ.ഉ(ആർ.ടി)നം.1496/2020/ തസ്വഭവ 12.08.2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും 12.08.2020-ലെ സ.ഉ(സാ.ധാ) നം.1497/2020 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശുചിത്വ പദവി നിർണ്ണയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചു.മാലിന്യ സംസ്കരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വങ്ങൾ വ്യക്തമാക്കികൊണ്ട് സ.ഉ(ആർ.ടി) 880/2021/ തസ്വഭവ തീയതി 16.04.2021, സ.ഉ(ആർ.ടി) 949/2021/ തസ്വഭവ തീയതി 05.05.2021 എന്നീ ഉത്തരവു കളും പുറപ്പെടുവിച്ചിട്ടുണ്ട്. ആയതു പ്രകാരം ശുചിത്വ മാലിന്യ സംസ്കരണത്തിനായി ഹരിത കർമ്മസേന രൂപീകരിക്കേണ്ടതും അവർക്ക് ആവശ്യമായ പരിശീലനം നൽകേണ്ടതുമാണ്. അവർ കഴുകി വൃത്തിയാക്കിയ അജൈവമാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കേണ്ടതാണ്. ആയതിന് വാഹനസൗകര്യം ഏർപ്പെടുത്തേണ്ടതും അവ സൂക്ഷിക്കുന്നതിനായി വാർഡ് തലത്തിൽ മിനിഎം.സി.എഫുകളും പഞ്ചായത്തിൽ എം.സി.എഫും സ്ഥാപിക്കുക, ഹരിതകർമ്മ സേനയ്ക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ, തിരിച്ചറിയൽ കാർഡ്, യൂണിഫോം എന്നിവ നൽകേണ്ടത് പഞ്ചായത്തിന്റെയും കുടുംബശ്രീ മിഷന്റെയും ഉത്തരവാദിത്വമാണ്.

2018 ൽ രൂപീകൃതമായ ഹരിത കർമ്മസേന 2021-22 വർഷത്തിലും പൂർണ്ണതോതിൽ പ്രവർത്തന സജ്ജമായിട്ടില്ല. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ സൂക്ഷിക്കുന്നതിനായി വാർഡ് തലത്തിൽ മിനിഎം.സി.എഫുകളും പഞ്ചായത്തിൽ എം.സി.എഫും സ്ഥാപിക്കാത്തതിനാലും അവർക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാത്തതിനാലുമാണ് പൂർണ്ണതോതിൽ പ്രവർത്തനം സാധ്യമാവാതിരുന്നത്. 2021-ഒക്ടോബർ 21 മുതൽ നവംബർ 22 വരെ പഞ്ചായത്തിലെ 17വാർഡുകളിലെ വീടുകളിൽ നിന്നും ശേഖരിച്ച 106,850കി.ഗ്രാം മാലിന്യങ്ങൾ ക്ളീൻ കേരള കമ്പനിക്ക് കൈമാറിയതാണ് 2021-22വർഷത്തിലെ ഹരിത കർമ്മസേനയുടെ ഏക പ്രവർത്തനം. "മാലിന്യ സംസ്കരണം-വാഹനം വാങ്ങൽ" എന്ന 173/22നമ്പർ പ്രൊജക്ട് പ്രകാരം 1,000,000/-രൂപ വകയിരുത്തിയെങ്കിലും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. വീടുകളിൽ കയറിയുള്ള അജൈവ മാലിന്യം ശേഖരിക്കൽ പൂർണ്ണ തോതിൽ നടത്താൻ കഴിഞ്ഞെങ്കിൽ മാത്രമേ ഹരിത കർമ്മസേനയ്ക്ക് സ്വന്തം വരുമാനത്തിൽ നിന്നും എല്ലാ ചെലവുകളും നടത്താൻ കഴിയുന്ന സാഹചര്യം ഉണ്ടാവുകയുള്ളൂ.2018 ൽ രൂപീകൃതമായ ഹരിത കർമ്മസേന 2021-22 വർഷത്തിലും പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കാതിരുന്നതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 9/2021-22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകി പരാമർശം ഒഴിവാക്കേണ്ടതാണ്.

1-25 പൊതു മരാമത്ത് പ്രവൃത്തികൾ : മോണിട്ടറിംഗ് ഫലപ്രദമല്ല

പൊതു മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിൽ സുതാര്യത ഉറപ്പുവരുത്താനായി സർക്കാർ പല നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. 1997ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്)ചട്ടങ്ങൾ 17 പ്രകാരം പണികളുടെ സംക്ഷിപ്ത വിവരം ഗ്രാമസഭയിൽ വെക്കുകയും പണിസ്ഥലത്ത് പ്രദർശിപ്പിക്കുകയും വേണം. പദ്ധതി മോണിട്ടറിംഗ് നടത്താനുള്ള ചുമതല കൃത്യമായി നിർവ്വചിച്ച് വർക്കിംഗ് ഗ്രൂപ്പുകൾക്ക് നൽകിയിട്ടുണ്ട്. ആയഞ്ചേരി ഗ്രാമ പഞ്ചായത്ത് 2021-22ലെ വർക്കിംഗ് ഗ്രൂപ്പ് 3-02-2021ന് രൂപീകരിച്ചിട്ടുണ്ട്. 2021-22 പ്രൊജക്ട് രൂപീകരണവുമായി ബന്ധപ്പെട്ട് 15-02-2021ൽ വീണ്ടും യോഗം ചേരുകയുണ്ടായി. 2022-23 പ്രൊജക്ട് രൂപീകരണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് രണ്ടു തവണ മീറ്റിംഗ് ചേർന്നിട്ടുള്ളത്. 11-01-2022, 17-01-2022 എന്നീ തിയ്യതിയിലാണ് ഈ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗ് ചേരുകയുണ്ടായത്. ആ മീറ്റിംഗിലൊന്നും തന്നെ 2021-22 പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിംഗ് സംബന്ധിച്ച് യാതൊരു ചർച്ചകളും നടക്കുകയുണ്ടായിട്ടില്ല. പൊതുമരാമത്ത് പ്രോജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജി.ഒ(എം.എസ്)11/2018/ ത.സ്വ.വഭ.വ തി.29-01-2018 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് 11.2(6) അനുസരിച്ച് സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പുവരുത്താൻ ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിട്ടറിംഗ് സമിതി രൂപീകരിക്കണം. 13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. 13.2,13.1 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാ മൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്. 13.5 അനുസരിച്ച് പ്രവൃത്തിയുടെ പേര്, വർഷം, കരാറുകാരന്റെയും എഞ്ചിനീയറുടേയും പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധനസാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കണം. പ്രവൃത്തി പൂർത്തിയായതിന് ശേഷം പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ട് തുടങ്ങിയവയും പ്രദർശിപ്പിക്കണം. ഗ്രാമപഞ്ചായത്ത് പൊതുമരാമത്ത് പദ്ധതികളുടെ നടത്തിപ്പിൽ മേൽ പറഞ്ഞ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറി 10/2021-22 -ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-26 ഏറ്റെടുത്ത പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നില്ല

സ്ഥാപനത്തിന്റെ അധികാരമേഖലയിൽപ്പെടുന്ന വിവിധ മേഖലകളിലെ വികസനാവശ്യങ്ങൾ നിറവേറ്റുന്നതിന് ഓഡിറ്റ് വർഷത്തിൽ മുൻ വർഷങ്ങളിലെ സ്പിൽ ഓവർ പ്രൊജക്ടുകൾ ഉൾപ്പെടെ ആകെ 71 പ്രൊജക്ടുകൾ പൊതുമരാമത്ത് മേഖലയിൽ അസി.എഞ്ചിനീയർ അംഗീകാരം വാങ്ങിയിട്ടുണ്ട്. ഇവ നിർവ്വഹിക്കുന്നതിന് വിവിധ ഫണ്ടുകളിൽ നിന്നായി വകയിരുത്തിയ 2.94 കോടി രൂപയിൽ 1.03കോടി രൂപ മാത്രമാണ് ഓഡിറ്റ് വർഷത്തിൽ ചെലവഴിക്കാനായത്. പൊതുമരാമത്ത് മേഖലയിലെ ചെലവു ശതമാനം കേവലം 35.18% മാത്രമാണ്. പൊതുമരാമത്ത് മേഖലയിൽ ഏറ്റെടുത്ത പ്രൊജക്ട് നടപ്പാക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ട്. 77 പ്രൊജക്ടുകളിൽ 29 എണ്ണത്തിൽ മാത്രമാണ് ചെലവുള്ളത്. വകയിരുത്തിയതിൽ ഭീമമായ തുക വിനിയോഗിക്കാതെ സ്ഥാപനത്തിന് നഷ്ടപ്പെട്ടിരിക്കുകയാണ്. ഇങ്ങനെ പൊതുമരാമത്ത് മേഖലയിലെ ഭൂരിപക്ഷം പ്രൊജക്ടുകളും നടപ്പിലാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറി 11/2021-22 -ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-27 സ്പിൽഓവർ പ്രവൃത്തികൾ : തൻവർഷം യാതൊരു ചെലവുമില്ല

സ്പിൽ ഓവർ പ്രൊജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മുൻകരുതൽ സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജി.ഒ(എം.എസ്)11/2018/ത.സ്വ.ഭ.വ തി.29-01-2018 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് 10.1(1) മുതൽ (4) വരെയുള്ള ഉപഖണ്ഡിക അനുസരിച്ച് മാർച്ച് 31ന് നിർവ്വഹണം പൂർത്തിയാകാത്ത പ്രൊജക്ടുകളുടെ നിലവിലെ അവസ്ഥ പരിശോധിച്ച് ഏതൊക്കെ പ്രൊജക്ടുകൾ തുടർന്ന് നടപ്പിലാക്കേണ്ടതുണ്ടെന്ന് ആദ്യം തീരുമാനിക്കണം തുടർന്ന് നിർവ്വഹണ നടപടികൾ ആരംഭിക്കാത്ത പ്രൊജക്ടുകളിൽ നടപ്പിലാക്കേണ്ടതില്ലെന്ന് കണ്ടെത്തുന്നവ ഒഴിവാക്കുകയും, ഭാഗികമായി പൂർത്തീകരിച്ച പ്രൊജക്ടുകളുടെ നിർവ്വഹണം പാഴ്ച്ചെലവ് വരാത്ത രീതിയിൽ അവസാനിപ്പിക്കാം. പിന്നീട് നിർബന്ധമായും തുടരേണ്ടതുണ്ടെന്ന് പ്രൊജക്ടുകളാണ് സ്പിൽഓവറായി ഉൾപ്പെടുത്തേണ്ടത്. ഇങ്ങനെ വിവിധ ഘട്ടങ്ങളിലെ ഒഴിവാക്കലുകൾക്ക് ശേഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയ ചില പൊതു മരാമത്ത് പ്രവൃത്തികളിൽ തൻവർഷം യാതൊരു തുകയും ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ.

| | പ്രൊജക്ട് നം. | പ്രൊജക്ട് | വകയിരുത്തിയ തുക | വകയിരുത്തിയ ഫണ്ട് |
|---|---|---|---|---|
| 1 | 122/22 | പുളിക്കണ്ടിമുക്ക് നെല്ലാരത്ത് മുക്ക് റോഡ് | 72,850/- | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |
| 2 | 128/22 | കുടുംബാരോഗ്യ കേന്ദ്രം ടോയ്ലറ്റ് കോംപ്ളക്സ് | 192880/-<br>32,500/- | ധനകാര്യകമ്മീഷൻ അവാർഡ്,<br>തനതുഫണ്ട് |
| 3 | 130/22 | കയ്യാല തുമ്പിയോട്ടുതാഴ പി എച് സി നടപ്പാത നിർമ്മാണം | 325,000/- | തനതുഫണ്ട് |
| 4 | 134/22 | കണ്ണോത്ത് മുക്ക് തത്തംകോട്ട് പള്ളി റോഡ് | 148,000/- | തനതുഫണ്ട് |

| | | | | |
|---|---|---|---|---|
| 5 | 152/22 | സ്രാമ്പിക്കുനി കടമേരി യു പി സ്കൂൾ റോഡ് | 245,000/- | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |
| 6 | 154/22 | പുറ്റോൽ മുക്ക് ചങ്ങരത്ത് കുന്ന് റോഡ് | 250,000/- | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |
| 7 | 156/22 | മാതൃകാ കംഫർട്ട് സ്റ്റേഷൻ | 800,000/- | കേന്ദ്രാവിഷ്കൃത ഫണ്ട് |
| 8 | 160/22 | കരുവേലി തോട് പുനരുദ്ധാരണം | 1,675,000/- | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| 9 | 163/22 | ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ പുനരുദ്ധാരണം | 100,000/- | ധനകാര്യകമ്മീഷൻ അവാർഡ് |

മേൽ പറഞ്ഞ നടപടിക്രമങ്ങളിലൂടെ നടപ്പിലാക്കേണ്ട പ്രൊജക്ടുകൾ മാത്രം സ്പിൽഓവറായി ഉൾപ്പെടുത്തിയതിൽ 9 പൊതു മരാമത്ത് പ്രവൃത്തികളിൽ തൻവർഷം യാതൊരു ചെലവും ഇല്ലാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്.(ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 12/2021-22ന് മറുപടി നൽകിയിട്ടില്ല).

## 1-28 അളവു പുസ്തകം : സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

പൊതു മരാമത്ത് പ്രവൃത്തികളുടെ അളവുകൾ രേഖപ്പെടുത്തുന്നതിനായുള്ള അളവു പുസ്തകങ്ങൾ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും ലഭ്യമാക്കി പഞ്ചായത്ത് ഓഫീസിൽ സൂക്ഷിക്കുകയും അവിടെ നിന്നും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന് ഒന്നിച്ച് നൽകുകയുമാണ് ചെയ്യുന്നത്. ഇങ്ങനെ ഒന്നിച്ചു ലഭിക്കുന്ന അളവു പുസ്തകങ്ങൾ എഞ്ചിനീയറിംഗ് വിഭാഗം സ്റ്റോക്കിലെടുത്ത് സൂക്ഷിക്കുകയും, ഓരോ പ്രവർത്തിയും അളവെടുക്കുന്നതിനായി ഈ സ്റ്റോക്കിൽ നിന്നും അളവു പുസ്തകങ്ങൾ എടുക്കുമ്പോൾ പ്രവൃത്തിയുടെ പേരും പ്രൊജക്ട് നമ്പറും രേഖപ്പെടുത്തി സ്റ്റോക്കിൽ കുറവുവരുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്ത് ഓഫീസിൽ നിന്നും ലഭിക്കുന്ന അളവു പുസ്തകങ്ങൾ മേൽപറഞ്ഞ രീതിയിൽ എഴുതി സൂക്ഷിക്കുന്നതിനാവശ്യമായ സ്റ്റോക്ക് രജിസ്റ്റർ എഞ്ചിനീയറിംഗ് വിഭാഗം സൂക്ഷിക്കുന്നില്ല. അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 13/2021-22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും അളവു പുസ്തക സ്റ്റോക്ക് രജിസ്റ്റർ എഴുതിത്തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-29 ബയോ കമ്പോസ്റ്റർ ബിൻ സബ്സിഡി : വിതരണം നടത്തിയതിന് രേഖകളില്ല

പ്രോജക്ട് - ബയോ കമ്പോസ്റ്റർ ബിൻ സബ്സിഡി

പ്രോജക്ട് നമ്പർ - 166/22

സാങ്ഷൻ ഒർഡർ നം., തുക - 361/29-03-2021, 324,000/-

- 80/10-11-2021, 740,000/-

- 129/10-02-2022 , 313,000/-

- 161/08-03-2022, 81,000/-

- 235/25-03-2022, 162,000/-

മേൽ പ്രൊജക്ട് പ്രകാരം പഞ്ചായത്ത് അംഗീകരിച്ചു നൽകിയ 900 ഗുണഭോക്താക്കൾക്ക് ബയോ കമ്പോസ്റ്റർ ബിൻ വിതരണം ചെയ്യുന്നതിനായി ബിൻ ഒന്നിന് 1800/-രൂപ നിരക്കിൽ 900 ബയോ

കമ്പോസ്റ്റർ ബിൻവാങ്ങിയിട്ടുണ്ട്. 900 ബിന്നിന്റെ വിലയായി 1,620,000/-രൂപ ഐ.ആർ.ടി.സിക്ക് നൽകിയിട്ടുണ്ട്. ഇങ്ങനെ വാങ്ങിയ 900 ബയോ കമ്പോസ്റ്റർ ബിന്നുകൾ പ്രസ്തുത ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഗുണഭോക്താക്കൾ ബിന്നുകൾ കൈപ്പറ്റിയതിന്റെ രശീതിയും വിതരണ രജിസ്റ്ററും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറി-15/2021-22ന് മറുപടി നൽകിയിട്ടില്ല. ചെലവുതുക 1,620,000/-രൂപ തടസ്സപ്പെടുത്തുന്നു. ഗുണഭോക്താക്കൾ ബിന്നുകൾ കൈപ്പറ്റിയതിന്റെ രശീതിയും വിതരണ രജിസ്റ്ററും ഓഡിറ്റിന് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-30 സെലക്ഷൻ നോട്ടീസ് അയച്ചതിന്റെ രേഖകളില്ല

ആയഞ്ചേരി ഗ്രാമപഞ്ചായത്ത് 2021-22 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിയ പൊതുമരാമത്ത് പ്രവൃത്തികളിൽ ടെണ്ടർ നടപടികൾ അംഗീകരിച്ച് കരാറുകാരനെ യഥാസമയം അറിയിക്കുന്നതിന്റെ രേഖകൾ ഫയലിൽ സൂക്ഷിക്കുന്നില്ല. സർക്കാർ ഉത്തരവ് (പി) നം.13/2012 പി.ഡബ്ള്യു.ഡി തിയ്യതി.01-02-2012 നമ്പർ 2012ലെ കേരള പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2011.3 പ്രകാരം ടെണ്ടർ സ്വീകരിച്ചതിന് ശേഷം 7ദിവസത്തിനകം ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് (സെലക്ഷൻ നോട്ടീസ്) രജിസ്റ്റേഡ്/കൊറിയർ/ഈ-മെയിൽ ആയി കരാറുകാരന് നൽകണം. അറിയിപ്പ് കത്ത് രജിസ്റ്റർ ചെയ്ത തിയ്യതി നോട്ടീസ് കൈപ്പറ്റിയ തിയ്യതിയായി കണക്കാക്കുന്നതാണ്. അടിയന്തിര ഘട്ടത്തിൽ ടെലഗ്രാം/SMS ആയും അറിയിപ്പ് നൽകാവുന്നതാണ് എങ്കിലും അതോടൊപ്പം തന്നെ പോസ്റ്റലായും അയക്കേണ്ടതാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ ടെണ്ടർ സ്വീകരിച്ചതിന് ശേഷം 7 ദിവസത്തിനകം സെലക്ഷൻ നോട്ടീസ് രജിസ്റ്റേഡ് ആയി കരാറുകാരന് നൽകിയതിന്റെ രേഖകൾ ഫയലിലില്ല. ആയവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് ആയവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറി-16/2021-22ന് മറുപടി നൽകിയിട്ടില്ല. സെലക്ഷൻ നോട്ടീസ് രജിസ്റ്റേഡ് ആയി കരാറുകാരന് നൽകിയതിന്റെ രേഖകൾ സൂക്ഷിക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-31 ക്ലീൻ ആയഞ്ചേരി : പദ്ധതി നടത്തിപ്പിലെ അപാകതകൾ

1) പ്രോജക്ട് - ക്ലീൻ ആയഞ്ചേരി

പ്രോജക്ട് നമ്പർ - 115/22

സാങ്ഷൻ ഒർഡർ നം. – 17/25-06-2021

തുക - 185,997/-

1) പ്രോജക്ട് - മാലിന്യം കയറ്റി അയക്കൽ-ക്ളീൻ കേരള കമ്പിനിക്ക് തുക നൽകൽ

പ്രോജക്ട് നമ്പർ - 174/22

സാങ്ഷൻ ഒർഡർ നം. – 181/16-03-2022

തുക - 300,000/-

മേൽപറഞ്ഞ പ്രൊജക്ടുകൾ പ്രകാരം 485,997/-രൂപ മേൽപറഞ്ഞ ബില്ലുകൾ പ്രകാരം 122,480 കി.ഗ്രാം(15,630+106,850) അജൈവ മാലിന്യം കയറ്റിയയച്ചതിന് ക്ളീൻ കേരള കമ്പിനിക്ക് നൽകിയിട്ടുണ്ട്. കുന്ദമംഗലം Weigh Bridgeൽ നിന്നുള്ള അളവു തൂക്ക റിപ്പോർട്ട് പ്രകാരമാണ് തുക നൽകിയത്. എന്നാൽ മേൽ രണ്ടു പ്രൊജക്ടുകളിലും ഇതു സംബന്ധിച്ച യാതൊരു മോണിട്ടറിംഗം നടന്നതായി ഫയലില്ല. കൂടാതെ പ്രോജക്ട് നമ്പർ 115/22ൽ ക്ളീൻ കേരള കമ്പിനിയുമായി കരാർ ചമച്ചിട്ടില്ല. പഞ്ചായത്തിൽ M C F നിർമ്മിച്ചിട്ടില്ല. പ്രോജക്ട് നമ്പർ 174/22 പ്രകാരം 106,850 കി.ഗ്രാം അജൈവമാലിന്യം കയറ്റിയയച്ചിട്ടുണ്ടെങ്കിലും അവ പുനരുൽപ്പാദനത്തിനുതകുന്ന പ്ളാസ്റ്റിക്

മാലിന്യങ്ങൾ വേർതിരിക്കാതെ ശേഖരിച്ചവ മൊത്തമായി ക്ലീൻ കേരള കമ്പനിക്ക് നൽകുകയാണുണ്ടായത്. പുനരുൽപ്പാദനത്തിനുതകുന്ന പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ വേർതിരിച്ച് നൽകുകയായിരുന്നെങ്കിൽ ഹരിതകർമ്മസേനയ്ക്ക് ലഭിക്കുമായിരുന്ന നല്ലൊരു തുക ഹരിതകർമ്മസേനയ്ക്ക് കിട്ടാതെപോയി. ക്ലീൻ കേരള കമ്പനി ആവശ്യപ്പെട്ട അളവു തൂക്കത്തെ സംബന്ധിച്ച് യാതൊരു മോണിട്ടറിംഗും നടത്താത്തതിനും കമ്പനിയുമായി കരാർ ചമയ്ക്കാത്തതിനും പുനരുൽപ്പാദനത്തിനുതകുന്ന പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ വേർതിരിച്ച് നൽകാതിരുന്നതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 14/2021-22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകി പരാമർശം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വിസ്തീർണ്ണത്തിനനുസൃതമായി വസ്തുനികുതി ഈടാക്കിയില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് 203, 208 (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 40 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

2011 ന് ശേഷം, നിർമ്മാണം പൂർത്തിയായതും തറ വിസ്തീർണം (Plinth Area) അടിസ്ഥാനമാക്കി നികുതി നിർണയിച്ചതുമായ താഴെ പറയുന്ന, 100 ച.മീ യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ, 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് സഞ്ചയയിൽ നികുതി കണക്കാക്കിയത്. ഇതുമൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതി വരവിൽ നഷ്ടം സംഭവിച്ചു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ 1

| | |
|---|---|
| വാർഡ് നമ്പർ/കെട്ടിട നമ്പർ | 11/290 A,B,C,D |
| ആകെ തറ വിസ്തീർണ്ണം | 177.69 ച.മീ |
| കെട്ടിടമുടമയുടെ പേരും വിലാസവും (സഞ്ചയ പ്രകാരം) | അസ്ഹർ, കുഴിച്ചകണ്ടത്തിൽ, ആയഞ്ചേരി,-673541 |
| നികുതി പ്രാബല്യത്തിൽ വന്ന വർഷം | 2021 -22 ആദ്യ അർദ്ധ വാർഷികം |

കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല: പ്രഥമം

| ബാധകമാക്കിയ നികുതി നിരക്ക് - 40 രൂപ ഈടാക്കുന്ന നികുതി (ഇളവുകളും വർദ്ധനവും അടക്കം) | ബാധകമാക്കേണ്ട നികുതി നിരക്ക് – 50 രൂപ ഈടാക്കേണ്ട നികുതി (ഇളവുകളും വർദ്ധനവും അടക്കം) | നഷ്ടം |
|---|---|---|

| | | |
|---|---|---|
| | | |
| 177.69*40= 7108/-<br>7108+1422= 8530/-<br>8530 + 427= 8957/-<br>{അടിസ്ഥാന നികുതി+ വഴി സൗകര്യം വർദ്ധനവ്: 5 മീറ്ററോ അതിൽ കൂടുതൽ 20%}+ ലൈബ്രറി സെസ് 5% | 177.69*50= 8885/-<br>8885+1777=10662/-<br>10662+534= 11196/-<br>{അടിസ്ഥാന നികുതി+ വഴി സൗകര്യം വർദ്ധനവ്: 5 മീറ്ററോ അതിൽ കൂടുതൽ 20%}+ ലൈബ്രറി സെസ് 5% | 2021-22<br>11196- 8957 =2239/-<br>(2132 BT+ 107 LC) |
| ആകെ | | 2239/-രൂപ |

ക്രമ നമ്പർ 2

| | |
|---|---|
| വാർഡ് നമ്പർ/കെട്ടിട നമ്പർ | 11/340 C,C1,C2,C3,C4,C5 |
| ആകെ തറ വിസ്തീർണ്ണം | 125.64 ച.മീ |
| കെട്ടിടമുടമയുടെ പേരും വിലാസവും<br>(സഞ്ചയ പ്രകാരം) | ഷമീമ ഹാരിസ് റാബിയ,<br>മുറിച്ചാണ്ടിയിൽ, കടമേരി- 673542 |
| നികുതി പ്രാബല്യത്തിൽ വന്ന വർഷം | 2021-22 രണ്ടാം അർദ്ധ വാർഷികം |

| കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല: പ്രഥമം | | |
|---|---|---|
| ബാധകമാക്കിയ നികുതി നിരക്ക് – 40 രൂപ<br>ഈടാക്കുന്ന നികുതി<br>(ഇളവുകളും വർദ്ധനവും അടക്കം) | ബാധകമാക്കേണ്ട നികുതി നിരക്ക് – 50രൂപ<br>ഈടാക്കേണ്ട നികുതി<br>(ഇളവുകളും വർദ്ധനവും അടക്കം) | നഷ്ടം |
| 125.64*40= 5026/-<br>5026+1006= 6032/-<br>6032 + 302= 6334/-<br>{അടിസ്ഥാന നികുതി+ വഴി സൗകര്യം വർദ്ധനവ്: 5 മീറ്ററോ അതിൽ കൂടുതൽ 20%}+ ലൈബ്രറി സെസ് 5% | 125.64*50= 6282/-<br>6282+1257= 7539/-<br>7539+377= 7916/-<br>{അടിസ്ഥാന നികുതി+ വഴി സൗകര്യം വർദ്ധനവ്: 5 മീറ്ററോ അതിൽ കൂടുതൽ 20%}+ ലൈബ്രറി സെസ് 5% | 2021-22 രണ്ടാം അർദ്ധ വാർഷികം<br>7916-6334 =1582/-<br>(1507 BT+ 75 LC) |

| | | |
|---|---|---|
| | | 1582/2=<br>791/- |
| ആകെ | | 791/- രൂപ |

ക്രമ നമ്പർ 3

ന്യൂ ബിൽഡിംങ്ങ്, സഞ്ചയ എന്നിവ പരിശോധിച്ചതിൽ താഴെ ചേർത്ത വാണിജ്യകെട്ടിടത്തിന്റെ മുറികളിൽ 11/696 U ഒഴികെ 11/696 V, 11/696 W എന്നിവയ്ക്ക് 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് നികുതി കണക്കാക്കിയത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| വാർഡ് നമ്പർ/കെട്ടിടനമ്പർ | 11/696 U,V,W |
| ആകെ തറ വിസ്തീർണ്ണം | U-148.25ച.മീ, V-25.17ച.മീ, W-25.17 ച.മീ<br>(V+W=25.17+25.17= 50.34 ച.മീ) |
| കെട്ടിടമുടമയുടെ പേരും വിലാസവും(സഞ്ചയ പ്രകാരം) | ചെർക്കോട്ട് ചാലിൽ കുഞ്ഞബ്ദുള്ള. ടി.പി, സി. മൊയ്തു കെ അഹമ്മദ്, നാളോം കോറോൾ താഴെക്കുനി, ആയഞ്ചേരി-673541 |
| നികുതി പ്രാബല്യത്തിൽ വന്ന വർഷം | 2021 രണ്ടാം അർദ്ധ വാർഷികം |

| കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല: പ്രഥമം | | |
|---|---|---|
| ബാധകമാക്കിയ നികുതി നിരക്ക് -40 രൂപ<br>ഈടാക്കുന്ന നികുതി<br>(ഇളവുകളും വർദ്ധനവും അടക്കം) | ബാധകമാക്കേണ്ട നികുതി നിരക്ക് -50രൂപ<br>ഈടാക്കേണ്ട നികുതി<br>(ഇളവുകളും വർദ്ധനവും അടക്കം) | നഷ്ടം |
| 7.1750.34*40= 2014/-<br>2014+403= 2417/-<br>2417 + 121= 2538/-<br>{അടിസ്ഥാന നികുതി+ വഴി സൗകര്യം വർദ്ധനവ്: 5 മീറ്ററോ അതിൽ | 50.34*50= 2517/-<br>2517+504= 3021/-<br>3021+151= 3172/-<br>{അടിസ്ഥാന നികുതി+ വഴി സൗകര്യം വർദ്ധനവ്: 5 മീറ്ററോ അതിൽ കൂടുതൽ | 2021-22 രണ്ടാം അർദ്ധ വാർഷികം<br>3172-2538<br>=634/-(604+30 LC)<br>634/2= 317/- |

| | | |
|---|---|---|
| കൂടുതൽ 20%}+ ലൈബ്രറി സെസ് 5% | 20%}+ ലൈബ്രറി സെസ് 5% | |
| ആകെ | | 317/- രൂപ |

വസ്തുനികുതി ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം വന്ന തുക ബന്ധപ്പെട്ട വർഷങ്ങളിൽ ചുമതല വഹിച്ച ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

ഓഡിറ്റ് വർഷം പഞ്ചായത്ത് ഫണ്ടിന് നഷ്ടം വന്ന തുക പ്രഥമ മറുപടി സമർപ്പിക്കുന്നതോടൊപ്പം പഞ്ചായത്ത് ഫണ്ടിൽ അടവാക്കി രസീതി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം 3347/- രൂപ സെക്രട്ടറിയുടെ പേരിൽ ചാർജ് ചെയ്യുന്നതാണ്.
(ചാർജ് ചെയ്യാവുന്നത്- ക്രമ നമ്പർ 1+2+3) 2239 + 791 + 317 = 3347/- (3179 BT+ 168 LC)

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 31-01-2023 മുതൽ 08-02-2023 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമായി പുറപ്പെടുവിച്ചു. |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്-തോടന്നൂർ | 2021-22 | 300000 | പ്രോജക്ട് നം-8/21-22 നെൽകൃഷിക്ക് കൂലിച്ചെലവ് | 300000 | 0 |
| | 2021-22 | 385500 | 74/21-22.ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 385500 | 0 |
| | 2021-22 | 233020 | 33/21-22.ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 233020 | 0 |
| | 2021-22 | 250000 | 55/21-22.കാലിത്തീറ്റ വിതരണം | 250000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 360000 | പ്രോജക്ട് നം-8/21-22 നെൽകൃഷിക്ക് കൂലിച്ചെലവ് | 360000 | 0 |
| | 2021-22 | 148500 | 10/21-22.മുട്ടഗ്രാമം വനിത | 148500 | 0 |
| | 2021-22 | 325000 | 74/21-22.ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 325000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നം./തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | അങ്കണവാടി വയറിംങ് | 2117030000000030845 Dtd. 25/03/2022 | 160430 | 0 | 160430 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

-ഇല്ല-

## 4-5 വായ്പ / വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം. /തീയതി | സാമ്പത്തിക വർഷം | തൻവർഷം എടുത്ത വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി വായ്പ | 68/2018/ Lsgd/ 18.05.2018 | 2021-22 | 0 | 5213333 | 601333 | --- | 4612000 |

## 4-6 സ്ഥിര നിക്ഷേപം

-ഇല്ല-

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം 3,339/- രൂപ വരവുണ്ട്.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| 1992-93, 1993-94 | 17 | 557 | ശ്രീ. ബാലകൃഷ്ണൻ | 121040102656/ 31/12/2021 |
| 2004-05 | 2-1 (4) | 450 | ശ്രീ. ബാലകൃഷ്ണൻ | 121040103556/ 03/02/2022 |
| 2006-07 | 3-3 | 284 | ശ്രീ.സുമേഷ്.കെ സെക്രട്ടറി | 121040103598/ 05/02/2022 |
| 2018-19 | 1-13.20 | 2048 | ബ്രയ്റ്റ് ഓഫ് സെറ്റ് | 121040103603/ 05/02/2022 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | 2014-15 (പ്ര.ക്ഷ.റി) | 5.7.1 | മൃഗസംരക്ഷണം നീക്കിവെക്കുന്ന തുകകൾ പരിമിതം | തടസ്സം തുടരുന്നു. |
| | | 2014-15 (പ്ര.ക്ഷ.റി) | 5.7.3 | മൃഗസംരക്ഷണ പദ്ധതികൾ നാമമാത്രം | തടസ്സം തുടരുന്നു. |
| | | 2014-15 (പ്ര.ക്ഷ.റി) | 5.7.9 | മൃഗാശുപത്രികളിൽ മരുന്ന് അപര്യാപതം | തടസ്സം തുടരുന്നു. |
| | | 2014-15 (പ്ര.ക്ഷ.റി) | 5.7.12 | കർഷകർക്ക് പരിശീലനം നൽകിയില്ല. | തടസ്സം തുടരുന്നു. |

| | | | | | |
|---|---|---|---|---|---|
| | | | 5.7.12 | ഗോരക്ഷാ ക്യാമ്പുകൾ നടത്തിയിട്ടില്ല. | തടസ്സം തുടരുന്നു. |
| | | 2014-15 (പ്ര.ക്ഷ.റി) | 5.7.12 | സംസ്ഥാന വിഹിതം ലഭ്യമാക്കുന്നതിലെ കാലതാമസം | തടസ്സം തുടരുന്നു. |
| | | 2014-15 (പ്ര.ക്ഷ.റി) | 5.7.12 | കാലിത്തീറ്റയുടെ ഗുണ നിലവാരം പരിശോധിക്കുന്നില്ല. | തടസ്സം തുടരുന്നു. |
| 2015-16 | 2-6 | 2016-17 | അനുബന്ധം-5.210 | തൊഴിൽ നികുതി അപാകതകൾ | തടസ്സം തുടരുന്നു. |

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

-ഇല്ല-

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 71959589 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 59948304 |
| വരവിനങ്ങളിലുള്ള നഷ്ടം | 3347 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1727223 |

(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേ രും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 3347 | - | ശ്രീ. ബിനുജോസ്, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 53597 | ശ്രീ. ബിനുജോസ്, സെക്രട്ടറി |
| | 53626 | ശ്രീ. സുനീർ കുമാർ.എം , സെക്രട്ടറി ഇൻ ചാർജ്ജ് |
| 1-29 | 1620000 | ശ്രീ. ബിജിത്ത് കുമാർ, വി.ഇ.ഒ |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | ഇനം | തുക |
|---|---|---|
| 2-1 | ഗ്രന്ഥശാല വരി | 168/- |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ബിനുജോസ്, സെക്രട്ടറി | പെരുവയൽ ഗ്രാമപഞ്ചായത്ത് | താനിയാനിക്കൽ, കൂരാച്ചുണ്ട് (പി.ഒ),കോഴിക്കോട് |
| ശ്രീ. ബിജിത്ത് കുമാർ,വി.ഇ.ഒ | ആയഞ്ചേരി ഗ്രാമപഞ്ചായത്ത് | മീത്തലെ പീടികയിൽ, വടകര- 673101 |
| ശ്രീ.സുനീർകുമാർ.എം , സെക്രട്ടറി ഇൻ ചാർജ്ജ് | അഴിയൂർ ഗ്രാമപഞ്ചായത്ത് | മഠത്തിൽ, മടപ്പള്ളി കോളേജ് (പി.ഓ)- 673102 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1992-93 & 1993-94 | എൽ.എഫ് /കെകെഡി /പി5/1893/ 2013/30.01.2014 | 2 | 15, 17 |
| 1994-95 | എൽ.എഫ് /കെകെഡി /പി5/1893/ 2013/30.01.2014 | 2 | 16, 17 |

| | | | |
|---|---|---|---|
| 1995-96 | എൽ.എഫ് /കെകെഡി /പി5/1893/ 2013/30.01.2014 | 4 | 11, 12-3, 14, 15 |
| 1996-97 | എൽ.എഫ് /കെകെഡി /പി5/1893/ 2013/30.01.2014 | 1 | 26 |
| 1997-98 | എൽ.എഫ് /കെകെഡി/ പി5/1893/ 2013/30.01.2014 | 7 | |
| 1999-00 | എൽ.എഫ് /കെകെഡി /പി5/1893/ 2013/30.01.2014 | 7 | 21, 31 ഡി, 35, 36,37, 38,39 |
| 2002-03 | എൽ.എഫ് /കെകെഡി /പി5/1893/ 2013/30.01.2014 | 2 | 3-1, 3-4 |
| 2003-04 | എൽ.എഫ് /കെകെഡി/ പി5/1893/ 2013/30.01.2014 | 3 | 2-3, 3-3, 3-5 |
| 2004-05 | എൽ.എഫ് /കെകെഡി/ പി5/1893/ 2013/30.01.2014 | 7 | 2-1(3,4),2-2,3-1, 3-2,3-3,3-4 |
| 2005-06 | എൽ.എഫ് /കെകെഡി/ പി5/1893/ 2013/30.01.2014 | 9 | 3-1,3-2,3-4,3-5, 3-6,3-7,3-8(2,3) |
| 2006-07 | എൽ.എഫ് /കെകെഡി/ പി5/1893/ 2013/30.01.2014 | 9 | 2-5,3-3,3-4,3-5, 3-6, 3-7,3-9,3-10 |
| 2008-09 & 2009-10 | എൽ.എഫ് /കെകെഡി/ പി5/1018/ 2012/16.07.2012 | 16 | 3-2(1-4), 3-2, 3-3, 3-4,3-5, 3-6, 3-7,3-8, 3-9,3-10, 3-11, 3-12, 3-13 |
| 2010-11& 2011-12 | എൽ.എഫ് /കെകെഡി/ പി5/1893/ 2013/30.01.2014 | 9 | 2-2,3-2,3-5(1), 3-7, 3-12, 3-13, 3-15, 3-16, 3-17, 3-19, 3-20 |
| 2012-13& 13-14 | കെ.എസ്.എ/കെ.കെ.ഡി/ പി5/877(1)/2015/13.1.2016 | 31 | 2-1,2-2,2-3, 3-1, 3-3 മുതൽ 3-15 വരെ,3-17, 3-18 മുതൽ 3-29 വരെ, 3-31 |
| 2014-15 | കെ.എസ്.എ/കെ.കെ.ഡി /പി5/1128/ 16/6.05.2017 | 6 | 2-2,3-1,3-3, 3-4, 3-5, 3-6 |
| 2015-16 | കെ.എസ്.എ/കെ.കെ.ഡി /പി5/50/ 2017/3.01.2018 | 27 | 2-1,2-2, 2-3, 2-4,2-5(1-6), 2-6 (1-4), 2-8(1-2),3-1, 3-3, 3-5,3-6, 3-7,3-8,3-9, 3-10,3-11, 3-14, |

| | | | |
|---|---|---|---|
| | | | 3-17,3-18 |
| 2016-17 | കെ.എസ്.എ/കെ.കെ.ഡി/ പി5/112/ 2017/27.03.2018 | 13 | 2-1,2-2, 2-4(1), 2-4(2), 3-2,3-3, 3-4, 3-6, 3-7, 3-8,3-9,3-10, 3-11 |
| 2017-18 | കെ.എസ്.എ/കെ.കെ.ഡി/ പി5/481/ 2019/13.08.2019 | 20 | 2-1,2-2,2-3,2-4, 2-5,2-6, 3-1,3-2, 3-3,3-4,3-5,3-6, 3-7,3-10,3-11,3-12, 3-13,3-14,3-15,4-10 |
| 2018-19 | കെ.എസ്.എ/കെ.കെ.ഡി/ പി10/627/ 2020/23.09.2020 | 32 | 1.11(1) മുതൽ 1-11(8) വരെ, 1-11(12) മുതൽ 1-11(14)വരെ, 1-12.1(1),1-12.1(3), 1-12.1,1-12.2, 1-12.3,1-13.1, 1-13.3,1-13.4, 1-13.5,1-13.6, 1-13.7,1-13.8, 1-13.9,1-13.10, 1-13.11,1-13.12, 1-13.13,1-13.15, 1-13.18,1-13.19, 1-13.20,1-13.21, 1-13.22, 1-13.23 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി/പി7 /422/2022 തീയ്യതി. 08/03/2022 | 25 | 1-1 മുതൽ 1-25 വരെ |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി/പി7 /980/2022 തീയ്യതി. 01/06/2022 | 21 | 1-1 മുതൽ 1-20 വരെ, 2-1 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ ആയഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ആയഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്